15
ഞായർ
ജനുവരി 2023
1198 മകരം 1
Vol0 5 Issue No.104

# കേരള പ്രണാമം

സത്യം വദ: ധർമ്മം ചര:

തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ആലപ്പുഴ കോട്ടയം ഇടുക്കി എറണാകുളം തൃശൂർ പാലക്കാട് മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ കാസർഗോഡ്

₹ 7.50
പേജ് 06
www.keralapranamam.com
infokeralapranamam@gmail.com




## പൊന്നമ്പലമേട്ടിൽ മകരവിളക്ക് തെളിഞ്ഞു; കൺകുളിർക്കെ കണ്ട് ഭക്തജനലക്ഷങ്ങൾ

**ശബരിമല:** അയ്യനെ കാണാൻ മലകയറിയെത്തിയ ഭക്തജനലക്ഷങ്ങൾക്ക് സായൂജ്യമേകി പൊന്നമ്പലമേട്ടിൽ മകരവിളക്ക് തെളിഞ്ഞു. ദർശനപുണ്യവുമായി ഭക്തജനലക്ഷങ്ങൾ. കറുപ്പിൽ മുങ്ങിയ ശബരിമലക്കാടുകൾ ശരണമന്ത്രങ്ങളാൽ മുഖരിതമായി. വൈകിട്ട് ആറരയോടു കൂടി ശ്രീകോവിൽ നടതുറന്നു. തുടർന്ന് പൊന്നമ്പലമേട്ടിൽ ഭക്തജനലക്ഷങ്ങൾ ശരണംവിളികളോടെ മൂന്ന് തവണ മകരവിളക്ക് ദർശിച്ചു.പന്തളത്ത് നിന്ന് പുറപ്പെട്ട തിരുവാഭരണ ഘോഷയാത്ര ശരംകുത്തിയിൽ വൻ വരവേൽപ്പോടെയാണ് അയ്യപ്പസന്നിധിയിലേക്ക് എത്തിയത്. വൈകിട്ട് ആറ് മണിയോടെ തിരുവാഭരണ ഘോഷയാത്രയെ ദേവസ്വം പ്രതിനിധികളും അയ്യപ്പ സേവാസംഘം പ്രവർത്തകരും ചേർന്ന് സ്വീകരിച്ചു. തുടർന്ന് സന്നിധാനത്തേക്ക് ആനയിക്കുകയും പതിനെട്ടാംപടി കയറി സോപാനത്തിൽ എത്തിയപ്പോൾ തന്ത്രിയും മേൽശാന്തിയും തിരുവാഭരണം ഏറ്റുവാങ്ങി അയ്യപ്പ വിഗ്രഹത്തിൽ ചാർത്തി ദീപാരാധന നടത്തുകയും ചെയ്തു.മകരവിളക്ക് ദൃശ്യമാകുന്ന എല്ലായിടത്തും അയ്യപ്പൻമാരുടെ വൻസംഘമാണ് തമ്പടിച്ചിരുന്നത്. സുരക്ഷയ്ക്കും ദർശനത്തിനും മുൻഗണന നൽകിയുള്ള പ്രവർത്തനം അധികൃതർ നേരത്തെ തന്നെ നടത്തിയിരുന്നു. സന്നിധാനത്തിന് പുറമെ പമ്പ ഹിൽട്ടോപ് അടക്കം പഞ്ഞിപ്പാറ, നെല്ലിമല, അയ്യൻമല, ഇലവുങ്കൽ, അട്ടത്തോട്, പടിഞ്ഞാറേ കോളനി തുടങ്ങിയ വ്യൂ പോയിന്റുകളായിരുന്നു ഒരുക്കിയിരുന്നത്. കനത്ത സുരക്ഷയാണ് എല്ലാ വ്യൂ പോയിന്റുകളിലും ഒരുക്കിയിരിക്കുന്നത്.

ഭക്തരുടെ തിരക്ക് മുന്നിൽകണ്ട് സന്നിധാനത്ത് വിവിധ സെക്ടറുകൾ ഉൾപ്പെടുന്ന രണ്ട് ഡിവിഷനുകളായി തിരിച്ച് രണ്ട് എസ്.പി.മാർക്ക് പ്രത്യേക ചുമതല നൽകിയിരുന്നു. പാണ്ടിത്താവളം മുതൽ ബെയ്‌ലിപ്പാലം വരെ ഒരു ഡിവിഷനും വടക്കേനടയും തിരുമുറ്റവും മാളികപ്പുറവുമടങ്ങുന്ന കേന്ദ്രങ്ങൾ മറ്റൊരു ഡിവിഷനുമാണ്. പാണ്ടിത്താവളം മുതൽ ബെയ്‌ലി പാലം വരെയുള്ള ഡിവിഷന്റെ ചുമതല വയനാട് എസ്.പി. ആർ.ആനന്ദിനും വടക്കേനട, തിരുമുറ്റം, മാളികപ്പുറം മേഖലയുടെ ചുമതല കോഴിക്കോട് ഡി.സി.പി. കെ.ഇ. ബൈജുവിനുമാണ്.

രണ്ട് കമ്പനി പോലീസിനെ അധികമായി സന്നിധാനത്ത് നിയോഗിച്ചിരുന്നു. രണ്ടായിരത്തോളം പോലീസുദ്യോഗസ്ഥരെയാണ് സന്നിധാനത്ത് വിന്യസിച്ചിട്ടുള്ളത്. ആറ് ഡിവൈ.എസ്.പിമാരെയും അധികമായി നിയോഗിച്ചിരുന്നു. ബോംബ് സ്ക്വാഡ് ഉൾപ്പെടെ വിവിധ കമാൻഡോ വിഭാഗങ്ങളും ഇതര സേനാ വിഭാഗങ്ങളും ഭക്തർക്ക് സുഗമമായ മകരജ്യോതി ദർശനത്തിനായുള്ള സൗകര്യമൊരുക്കാൻ സജ്ജരായിരുന്നു

## സർക്കാർ വാഹനങ്ങൾക്ക് പുതിയ സീരിയൽ നമ്പർ ഔദ്യോഗിക ബോർഡ് വയ്ക്കാനുള്ള അധികാരം പരിമിതപ്പെടുത്തും

തിരുവനന്തപുരം: സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം തടയാൻ പുതിയ നമ്പർ സീരീസ് ആലോചിക്കുന്നു. സ്വകാര്യ വാഹനങ്ങളിൽ സർക്കാർ ബോർഡും ഔദ്യോഗിക തസ്തികയും പതിച്ചുള്ള ഉദ്യോഗസ്ഥരുടെ യാത്രയും നിയന്ത്രിക്കും.



മന്ത്രി ആന്റണി രാജുവിന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന യോഗം തീരുമാനം എടുക്കും സർക്കാർ വാഹനങ്ങളിൽ കെ.എസ്.ആർ.ടി. സിക്കുമാത്രമാണ് പ്രത്യേക സീരിയൽ നമ്പരുള്ളത് കെ.എൽ15. സർക്കാർ വാഹനങ്ങൾക്ക് കെ.എൽ 15 എ.എ, തദ്ദേശ സ്ഥാപനങ്ങൾക്ക് കെ.എൽ15 എ.ബി, അർദ്ധ സർക്കാർ, സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾക്ക് കെഎൽ15 എ.സി.എന്നിങ്ങനെയാണ് ശുപാർശ.

പുതിയ സീരിസിനായി മോട്ടോർ വാഹന വകുപ്പ് ചട്ടം ഭേദഗതി ചെയ്യണം. സർക്കാർ വാഹനങ്ങൾ പുതിയ സീരീസിൽ വീണ്ടും രജിസ്റ്റർ ചെയ്യണം. പുതിയ വാഹനങ്ങൾ പുതിയ സീരീസിലാവും.

സർക്കാർ വാഹനങ്ങൾ പ്രത്യേക സീരീസിൽ രജിസ്റ്റർ ചെയ്യാത്തതിനാൽ അവയുടെ കണക്ക് മോട്ടോർ വാഹനവകുപ്പിന്റെ പക്കലില്ല.ഡെപ്യൂട്ടി സെക്രട്ടറി മുതൽ മുകളിലേക്കുള്ള ഉദ്യോഗസ്ഥർക്കാണ് ഇപ്പോൾ വാഹനങ്ങളിൽ ബോർഡ് വയ്ക്കാൻ അനുവാദം. മന്ത്രിമാർക്കും എം.എൽ.എമാർക്കും പുറമേ സ്പെഷ്യൽ സെക്രട്ടറിക്ക് മുകളിലായി ഇത് പരിമിതപ്പെടുത്താനാണ് ആലോചന. നിലവിൽ സെക്രട്ടേറിയറ്റിലെ ഡെപ്യൂട്ടി സെക്രട്ടറി മുതൽ മുകളിൽ റാങ്കുള്ളവർക്ക് സ്വന്തം കാറിൽ ബോർഡ് വയ്ക്കാമായിരുന്നു. ഏതെല്ലാം പദവികൾക്ക് ബോർഡ് വയ്ക്കാമെന്ന് ഉത്തരവിറക്കും. തെറ്റിക്കുന്നവർക്കെതിരെ വകുപ്പ് തല നടപടി വരും.സെക്രട്ടേറിയറ്റ് ഉദ്യോഗസ്ഥരെ കൂടാതെ നിയമസഭയിലെയും കോടതിയിലെയും ഉദ്യോഗസ്ഥർ ബോർഡ് വച്ച് യാത്ര ചെയ്യാൻ സർക്കാരിന്റെ അനുമതി തേടിയിരുന്നു.





## രാഹുലിനൊപ്പം നടക്കവെ കോൺഗ്രസ് എംപി കുഴഞ്ഞുവീണ് മരിച്ചു; ഭാരത് ജോഡോ യാത്ര നിർത്തിവച്ചു

**ഫില്ലൗർ:** രാഹുൽ ഗാന്ധി നയിക്കുന്ന ഭാരത് ജോഡോ യാത്രയ്ക്കിടെ കോൺഗ്രസ് എം.പി. കുഴഞ്ഞുവീണ് മരിച്ചു. പഞ്ചാബിലെ ജലന്ധറിൽ നിന്നുള്ള എം.പി. സന്തോഖ് സിങ് ചൗധരിയാണ് മരിച്ചത്. രാഹുൽ ഗാന്ധിക്കൊപ്പം പദയാത്രയിൽ നടക്കവെ ഹൃദയമിടിപ്പ് വർധിച്ചതിനെത്തുടർന്ന് കുഴഞ്ഞുവീഴുകയായിരുന്നു. ഉടൻ തന്നെ ഫഗ്വാരയിലെ വിർക് ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും ഇതിന് മുമ്പ് തന്നെ മരണം സംഭവിച്ചതായി ഡോക്ടർമാർ അറിയിച്ചു.

യാത്ര നിർത്തിവെച്ച് രാഹുൽ ഗാന്ധി ആശുപത്രിയിലെത്തി. ഹൃദയാഘാതമാണ് മരണകാരണം. യാത്ര താത്കാലികമായി നിർത്തിവെച്ചു.

ലോഹ്രി ആഘോഷത്തോട് അനുബന്ധിച്ച് വെള്ളിയാഴ്ച ഭാരത് ജോഡോ യാത്രയ്ക്ക് വിശ്രമദിനമായിരുന്നു. ലധൗലിൽ നിന്നാണ് ശനിയാഴ്ച രാവിലെ യാത്ര പുനരാരംഭിച്ചത്. സന്തോഖ് സിങ് ചൗധരിയുടെ മകൻ വിക്രംജിത് സിങ് പ്രതിനിധീകരിക്കുന്ന മണ്ഡലമായ ഫില്ലൗർ പിന്നിട്ടുമ്പോഴാണ് അദ്ദേഹത്തിന് ദേഹാസ്വാസ്ഥ്യം അനുഭവപ്പെട്ടത്.

## നഗ്നദൃശ്യവിവാദത്തിൽ ഒടുവിൽ പാർട്ടി നടപടി; CPM ഏരിയ കമ്മിറ്റി അംഗത്തെ പുറത്താക്കി

**ആലപ്പുഴ:** നഗ്നദൃശ്യ വിവാദത്തിൽ സി.പി.എം. ആലപ്പുഴ സൗത്ത് ഏരിയ കമ്മിറ്റി അംഗം എ.പി. സോണയെ പാർട്ടിയിൽ നിന്ന് പുറത്താക്കി. രണ്ടംഗ അന്വേഷണ കമ്മിഷൻ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നടപടി. കമ്മിഷൻ നൽകിയ റിപ്പോർട്ട് ജില്ലാ സെക്രട്ടേറിയറ്റ് അംഗീകരിച്ചു.രണ്ടുമാസം മുമ്പായിരുന്നു സംഭവം. പാർട്ടിയിലെ സഹപ്രവർത്തകരുടെ ഉൾപ്പെടെ നഗ്നദൃശ്യങ്ങൾ പകർത്തി ഇയാൾ മൊബൈലിൽ സൂക്ഷിച്ചിരുന്നു. ഇത് കണ്ടെത്തിയതിനെത്തുടർന്ന് സംഭവത്തെക്കുറിച്ച് അന്വേഷിക്കാൻ പാർട്ടി അന്വേഷണ കമ്മിഷനെ നിയോഗിച്ചിരുന്നു. എന്നാൽ രണ്ടുമാസം പിന്നിട്ടിട്ടും നടപടി വൈകുന്നു എന്ന തരത്തിൽ വലിയ തോതിൽ പാർട്ടിക്കകത്ത് തന്നെ വിഷയം ചർച്ചയായിരുന്നു. ഇതിനിടയിലാണ് ഇപ്പോൾ എ.പി. സോണയെ പാർട്ടിയിൽ നിന്ന് പുറത്താക്കിയത്.മറ്റൊരു സംഭവവുമായി ബന്ധപ്പെട്ട് ഇയാളുടെ ഫോൺ പരിശോധിച്ചപ്പോഴാണ്, പാർട്ടി അംഗങ്ങളുടെ ഭാര്യമാരുടേത് ഉൾപ്പെടെയുള്ള ദൃശ്യങ്ങൾ മൊബൈലിൽ നിന്ന് കണ്ടെത്തിയത്. എന്നാൽ ആരും പോലീസിൽ പരാതി നൽകിയിരുന്നില്ല, ഇവർ പാർട്ടിയിൽ പരാതി നൽകുകയായിരുന്നു. പരാതിയുടെ അടിസ്ഥാനത്തിൽ പാർട്ടി ഉടൻ നടപടിയെടുക്കുമെന്ന് കരുതിയിരുന്നുവെങ്കിലും നടപടി വൈകിയത് വലിയരീതിയിലുള്ള വിവാദങ്ങൾക്ക് വഴിവെച്ചിരുന്നു. ഇതിന് പിന്നാലെയാണ് പാർട്ടി ഇപ്പോൾ എ.പി. സോണയെ പുറത്താക്കിയിരിക്കുന്നത്.





## കേന്ദ്രമന്ത്രി നിതിൻ ഗഡ്കരിക്ക് വധഭീഷണി; അജ്ഞാതൻ നാഗ്പൂരിലെ ഓഫീസിലേക്ക് വിളിച്ചത് രണ്ടുതവണ

**മുംബൈ:** കേന്ദ്ര ഉപരിതല ഗതാഗതവകുപ്പുമന്ത്രി നിതിൻ ഗഡ്കരിക്ക് വധഭീഷണി. അദ്ദേഹത്തിന്റെ നാഗ്പൂരിലെ ഓഫീസിലേക്കാണ് വധഭീഷണി മുഴക്കിക്കൊണ്ടുള്ള രണ്ട് ഫോൺ കോളുകൾ എത്തിയത്. ഓഫീസിലെ ലാൻഡ് ലൈൻ ഫോണിലേക്ക് വിളിച്ച അജ്ഞാതൻ, ഗഡ്കരിയെ കൊലപ്പെടുത്തുമെന്ന് ഭീഷണി മുഴക്കിയെന്ന് വിവിധ വൃത്തങ്ങളെ ഉദ്ധരിച്ച് ദേശീയമാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.

ശനിയാഴ്ച രാവിലെ 11.30-നും 11.40-നും ഇടയിലാണ് ഫോൺ കോളുകൾ എത്തിയത്. ഗഡ്കരിയുടെ ഓഫീസ് സ്ഫോടനത്തിൽ തകർക്കുമെന്നും അജ്ഞാതൻ ഭീഷണി മുഴക്കിയെന്നാണ് വിവരം. തുടർന്ന് ഓഫീസ് ജീവനക്കാർ പോലീസിൽ പരാതി നൽകി.

വിഷയത്തിൽ നാഗ്പുർ പോലീസ് അന്വേഷണം ആരംഭിച്ചിട്ടുണ്ട്. ഗഡ്കരിയുടെ വസതിയിലെ സുരക്ഷ വർധിപ്പിച്ചിട്ടുമുണ്ട്.









കേരള പ്രണാമം
editorialkeralapranamam@gmail.com

സത്യം വദ: ധർമ്മം ചര:

## നേർക്കാഴ്ച

ലോകത്തിന്റെ
വെളിച്ചമാണ് പുസ്തകങ്ങൾ

മഹാത്മാ ഗാന്ധി



# പരാതികളില്ലാത്ത തീർഥാടനകാലം വേണം

ശരണകീർത്തന ധ്വനിയിൽ നാടാകെ ഭക്തിസാന്ദ്രം. ശബരിമല ഇടത്താവളങ്ങളെല്ലാം തീർഥാടകരെക്കൊണ്ടു നിറഞ്ഞിരിക്കുന്നു. ഇനിയുള്ള മണിക്കൂറുകളിൽ മലയിലേക്കുള്ള ശരണപാതകളത്രയും ഭക്തനിബിഢമാകും. നാളത്തെ മകരവിളക്ക് ദർശനത്തിന് അഭൂതപൂർവമായ തിരക്ക് ഉണ്ടാകുമെന്നിരിക്കേ കനത്ത ജാഗ്രതയും സുരക്ഷാ ക്രമീകരണങ്ങളും ഒരുക്കേണ്ട സമയമാണിത്. സുരക്ഷാ മുൻകരുതലിനായി വിവിധ വകുപ്പുകളുടെ ഏകോപനം ഏറ്റവും മികച്ച രീതിയിലായാൽ മാത്രമേ മകര നക്ഷത്രവും മകര ജ്യോതിയും വണങ്ങാൻ കാത്തിരിക്കുന്ന ഭക്തമാനസങ്ങൾക്കു തൃപ്തിയോടെ മലയിറങ്ങാൻ കഴിയൂ. കാനന ക്ഷേത്രത്തിന്റെ പവിത്രതയും ഭക്തരുടെ സുരക്ഷയും ഒരുപോലെ ഉറപ്പുള്ളൊരു ഉത്സവകാലമാണ് എല്ലാവരുടേയും പ്രതീക്ഷ.നിയന്ത്രണങ്ങൾ കുറ്റമറ്റതാക്കാൻ ചരിത്രത്തിലെ ഏറ്റവും വലിയ പോലീസ് സംഘത്തെ എ.ഡി.ജി.പിയുടെ നേതൃത്വത്തിൽ ശബരിമലയിൽ നിയോഗിച്ചിരിക്കുന്നു. നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നിവിടങ്ങളിലായി മൂവായിരത്തോളം പോലീസുകാർ സേവനത്തിനുണ്ടാകും. മകരവിളക്ക്ദിവസം ഭക്തർക്കു പ്രത്യേക നിയന്ത്രണങ്ങൾ ഏർപെടുത്തിയിട്ടുണ്ട്. ഉച്ചയ്ക്കു 12 വരെ മാത്രമായിരിക്കും സന്നിധാനത്തേക്ക് പ്രവേശനം അനുവദിക്കുക. അതിനുമുമ്പായി സന്നിധാനത്തെത്തി അയ്യപ്പനെ ദർശിക്കുന്നതിനുള്ള ഭക്തരുടെ തിടുക്കം കണ്ടറിഞ്ഞ് നിയന്ത്രിക്കാൻ പോലീസിനു കഴിയണം. ശനിയാഴ്ച്ച രാത്രി 8.45ന് നടക്കുന്ന മകര സംക്രമ പൂജയ്ക്കു ശേഷം പിറ്റേദിവസം മാത്രമായിരിക്കും ഭക്തർക്ക് പ്രവേശിക്കാൻ അനുവാദം. ദർശനത്തിനുശേഷവും മകരജ്യോതി ദർശനത്തിനായി മലയിറങ്ങാതെ കാത്തിരിക്കുന്ന നിരവധിപേരുണ്ടാകും. പതിവായി മകരജ്യോതി ദർശനത്തിന് ഭക്തർ നിലയുറപ്പിക്കുന്ന എല്ലായിടങ്ങളിലും പോലീസിന്റെ കണ്ണുണ്ടാവണം. തിക്കും തിരക്കും വരുത്തിയിട്ടുള്ള മോശം അനുഭവങ്ങൾ പാഠമാക്കി തുടക്കം മുതൽ എല്ലാം നിയന്ത്രണത്തിലാണെന്ന് ഉറപ്പാക്കേണ്ടതുണ്ട്. മകരവിളക്കിനുശേഷം അയ്യപ്പഭക്തരുടെ കൂട്ടമായുള്ള മടക്കവും ഒട്ടേറെ പ്രതിസന്ധികൾക്കു കാരണമാകുന്നു. ഇവരുടെ സുരക്ഷിത മടക്കത്തിന് കെ.എസ്.ആർ.ടി.സി. കൂടുതൽ സർവീസുകളും റെയിൽവേ സ്പെഷൽ ട്രെയിനുകൾ ഏർപ്പെടുത്തുന്നതും ഗുണകരമാകും. അധികമായി 1000 ബസുകൾ എത്തിക്കാനാണ് കെ.എസ്.ആർ.ടി.സി. ശ്രമിക്കുന്നത്. ഭക്തരുടെ സുരക്ഷയിൽ ആരോഗ്യ സംവിധാനങ്ങളുടെ കാര്യക്ഷമതയും പ്രധാനമാകും. മകരവിളക്ക് കാണാൻ ഭക്തർ കൂടുതലായി തടിച്ചുകൂടുന്ന പാണ്ടിത്താവളത്ത് താൽകാലിക ആശുപത്രിയും അടിയന്തര ചികിത്സാസൗകര്യമൊരുക്കുന്നതും ഗുണകരമാണ്. സുരക്ഷാ കാര്യങ്ങളിൽ അധികാരികൾക്കുള്ളതുപോലെ ഉത്തരവാദിത്വം ഓരോ ഭക്തർക്കും ഉണ്ടാകണം. തിക്കും തിരക്കും മറന്ന് പെരുമാറുന്ന ആളുകളാണ് പലപ്പോഴും അപകടത്തിൽ ചെന്നുചാടുകയോ അപകടങ്ങൾക്കു കാരണമാകുകയോ ചെയ്യുക. ചെറിയ അശ്രദ്ധകൾ വലിയ അപകടങ്ങൾക്കു കാരണമാകുമെന്നറിഞ്ഞ് കരുതലോടെ നീങ്ങണം. ശബരിമലയുടെ പരിപാവനതയും വിശുദ്ധിയും കാക്കുന്നതിനുള്ള ഉത്തരവാദിത്വവും മലയിലേക്ക് എത്തുന്ന എല്ലാവർക്കും ഉണ്ട്. പ്ലാസ്റ്റിക്കിനെ പടിക്കു പുറത്തു നിർത്താനുള്ള തീരുമാനം ശക്തമായി നടപ്പിലാക്കിയതോടെ പമ്പയും സന്നിധാനവുമെല്ലാം എത്രമാത്രം വൃത്തിയായെന്ന് ദർശനത്തിനെത്തിയ എല്ലാവർക്കും ബോധ്യപ്പെട്ട കാര്യമാണ്.

കീടനാശിനി കലർന്ന ഏലയ്ക്ക അരവണയിൽ കണ്ടെത്തിയ സംഭവം ഇത്തവണത്തെ തീർഥാടനത്തിലെ കറുത്തപൊട്ടു തന്നെയാണ്. ഹൈക്കോടതി ഉത്തരവിനെതുടർന്ന് അരവണ നിർമാണവും വിതരണവും നിർത്തിവയ്ക്കേണ്ടിവന്നു. അരവണയ്ക്കായി ഉപയോഗിച്ച ഏലയ്ക്കയിൽ കീടനാശിനിയുടെ സാന്നിധ്യം അനുവദനീയമായ അളവിൽ കൂടുതൽ കണ്ടെത്തിയെന്ന് ഭക്ഷ്യ സുരക്ഷാ നിലവാര അതോറിറ്റി അറിയിച്ചതിനെ തുടർന്നായിരുന്നു കോടതി നടപടി. ഇന്നലെ പുലർച്ചെ മുതൽ ഏലയ്ക്ക ഇടാത്ത അരവണയുടെ വിതരണം ആരംഭിച്ചു. ഗുണനിലവാരത്തിന്റെ കാര്യത്തിൽ പലപ്പോഴും വിവാദത്തിന്റെ പടികയറിയിട്ടുണ്ടെങ്കിലും ഭക്തർ പ്രസാദമായി വാങ്ങിക്കൊണ്ടുപോകുന്ന അരവണ പരിശുദ്ധിയോടെ നിർമിച്ചു നൽകാൻ ഇതുവരെ കഴിയാത്തത് ഒരു പോരായ്മയാണ്. ഭക്തിയുടെ പതിനെട്ടാം പടി കയറിയെത്തുന്ന ഭക്തർക്കുവേണ്ടി അർപണം ചെയ്യാനുള്ള മനസ് ശബരിമലയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചെയ്യുന്ന എല്ലാവർക്കും ഉണ്ടാകുമ്പോഴേ പരാതികളില്ലാത്ത തീർഥാടനകാലം ഉറപ്പിക്കാൻ കഴിയൂ.



# കാശ്മീരിൽ സമാധാനം ഇല്ലാതാക്കാൻ ശ്രമം: കരസേന മേധാവി

**ന്യൂഡൽഹി:** ജമ്മു കാശ്മീരിൽ സമാധാനം ഇല്ലാതാക്കാൻ ചില ദുഷ്ട ശക്തികൾ ശ്രമിക്കുകയാണെന്ന് കരസേന മേധാവി ജനറൽ മനോജ് പാണ്ഡെ പറഞ്ഞു.

ശ്രദ്ധ നേടിയെടുക്കാൻ വേണ്ടിമാത്രം തീവ്രവാദ സംഘങ്ങൾ ഒരു വിഭാഗം ആളുകളെ തെരഞ്ഞ് പിടിച്ച് കൊല്ലുകയും ആക്രമിക്കുകയുമാണ്. ഇന്ത്യൻ സൈന്യം അത്തരം എല്ലാ തീവ്രവാദ പ്രവർത്തനങ്ങളെയും അതിർത്തി കടന്നുള്ള നുഴഞ്ഞുകയറ്റക്കാരെയും പരാജയപ്പെടുത്തുകയാണ്. അത്തരമൊരു നീക്കവും സൈന്യം വച്ചുപൊറുപ്പിക്കില്ല. ബംഗളൂരു മദ്രാസ് എൻജിനിയേഴ്സ് ഗ്രൂപ്പ് സെന്ററിലെ പരേഡ് ഗ്രൗണ്ടിൽ 75ാമത് കരസേന ദിനാഘോഷത്തിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം.

ഇത്തരം തീവ്രവാദ സംഘടനകളെയും അവരുടെ അക്രമങ്ങളെയും ജമ്മു കാശ്മീരിലെ ജനങ്ങൾ എതിർക്കുകയും അവിടെ നടക്കുന്ന നല്ല മാറ്റങ്ങളെ സ്വാഗതം ചെയ്യുകയുമാണ്. ജമ്മു, പഞ്ചാബ് അതിർത്തിയിൽ ഡ്രോണുകൾ ഉപയോഗിച്ച് ആയുധങ്ങളും മയക്കു മരുന്നുകളും കടത്തുന്നത് തടയാൻ കൗണ്ടർ ഡ്രോൺ ജാമറുകൾ ഉപയോഗിക്കുന്നുണ്ട്. ഭാവിയുദ്ധങ്ങൾക്കുള്ള തയ്യാറെടുപ്പുകൾ കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ട്.

സൈന്യത്തിന്റെ ഇടപെടലിലൂടെയാണ് വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിൽ സമാധാനം പുനഃസ്ഥാപിച്ചത്. ഇന്ത്യയുടെ യഥാർത്ഥ നിയന്ത്രണ രേഖയിൽ ഏത് അടിയന്തര സാഹചര്യത്തെ നേരിടാനും സൈന്യം തയ്യാറാണ്. രാജ്യത്തിന്റെ വടക്കൻ അതിർത്തി പ്രദേശങ്ങളിൽ സ്ഥിതിഗതികൾ സാധാരണ നിലയിലാണ്.സമാധാനം നിലനിറുത്താൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പടിഞ്ഞാറൻ അതിർത്തിയിൽ വെടിനിറുത്തൽ ലംഘനങ്ങൾ കുറഞ്ഞു.

**ആദ്യമായി ഡൽഹിക്ക് പുറത്ത്**

ഇന്ത്യൻ സൈന്യത്തിന്റെ കരുത്തിൽ ആത്മവിശ്വാസം പ്രകടിപ്പിച്ചും രാജ്യം നേരിടുന്ന വെല്ലുവിളികളെക്കുറിച്ച് മുന്നറിയിപ്പ് നൽകിയും സ്വാതന്ത്ര ഇന്ത്യയിൽ ആദ്യമായി ദേശീയ തലസ്ഥാനത്തിന് പുറത്ത് കരസേന ദിനാഘോഷം സംഘടിപ്പിച്ചു. ബംഗളൂരുവിലായിരുന്നു 75ാമത് സൈനിക ദിനാഘോഷം. ചരിത്രത്തിലാദ്യമായി കരസേനദിനം ഡൽഹിക്ക് പുറത്ത് ആഘോഷിക്കാൻ തീരുമാനിച്ചത് സമൂഹത്തിലേക്കിറങ്ങി ചെല്ലാനാണെന്നും ഇത് കരസേനയെ സംബന്ധിച്ചിടത്തോളം സുവർണ്ണാവസരമാണെന്നും കരസേന മേധാവി മനോജ് പാണ്ഡെ പറഞ്ഞു. വൈകിട്ട് നടന്ന ചടങ്ങിൽ പ്രതിരോധ മന്ത്രി രാജ്നാഥ് സിംഗ് പങ്കെടുത്തു.

**സൈന്യത്തെക്കുറിച്ച് അഭിമാനം: മോദി**

രാജ്യത്തെ സുരക്ഷിതമായി സൂക്ഷിക്കുകയും പ്രതിസന്ധി ഘട്ടങ്ങളിൽ നമുക്ക് സേവനം നൽകുകയും ചെയ്യുന്ന സൈനികരോട് ഓരോ ഇന്ത്യക്കാരനും നന്ദിയുള്ളവരായിരിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ട്വിറ്ററിൽ കുറിച്ചു. എല്ലാ സൈനികർക്കും വിമുക്തഭടന്മാർക്കും അവരുടെ കുടുംബങ്ങൾക്കും കരസേന ദിനത്തിൽ ആശംസകൾ അറിയിക്കുന്നു. ഓരോ ഇന്ത്യക്കാരനും നമ്മുടെ സൈന്യത്തെക്കുറിച്ച് അഭിമാനിക്കുകയാണ്. ഇന്ത്യൻ സൈനികരുടെ ധീരതയേയും ത്യാഗത്തെയും രാജ്യം അഭിവാദ്യം ചെയ്യുന്നതായി പ്രതിരോധ മന്ത്രി രാജ്നാഥ് സിംഗും ട്വിറ്ററിൽ കുറിച്ചു.

# തലയറുത്ത് കൊല; പ്രമുഖ നേതാക്കളെ കൊല്ലാനുള്ള ഭീകരരുടെ റിഹേഴ്സൽ

ന്യൂഡൽഹി:കഴിഞ്ഞ ദിവസം അറസ്റ്റിലായ ഐ.എസ് ബന്ധമുള്ള രണ്ട് ഭീകരർ പ്രമുഖ ഹിന്ദു നേതാക്കളെ കൊലപ്പെടുത്താൻ തീരുമാനിച്ചിരുന്നതായും ഇവരുടെ അറസ്റ്റോടെ വലിയ ഭീകരാക്രമണങ്ങൾ ഒഴിവായതായും ഡൽഹി പൊലീസ്.ജഹാംഗീർ പുരിയിലെ വാടക വീട്ടിൽ മയക്കുമരുന്നിന് അടിമയാണെന്ന് കരുതുന്ന 21 കാരനെ കഴുത്തറുത്ത് കൊല്ലുന്ന 37 സെക്കൻഡ് വീഡിയോ പകർത്തിയ ജഗജിത് എന്ന യാക്കൂബ് ( 29), നൗഷാദ് (56) എന്നിവരാണ് അറസ്റ്റിലായത്. ഡൽഹി പൊലീസിന്റെ സ്പെഷ്യൽ സെൽഇവരെ ചോദ്യം ചെയ്യുകയാണ്.

ചില നേതാക്കളെ കൊല്ലാനുള്ള പാക് ഐ.എസ്.ഐ ഭീകരൻ സുഹൈലിന്റെ നിർദ്ദേശം നടപ്പാക്കാൻ തങ്ങൾക്ക് കരുത്തുണ്ടെന്ന് കാട്ടാനാണ് യുവാവിന്റെ തലയറുത്തതെന്ന് പൊലീസ് പറഞ്ഞു. യുവാവിന്റെ ശരീരം കഷണങ്ങളാക്കി കുളത്തിൽ ഉപേക്ഷിക്കുകയായിരുന്നു. കാനഡയിൽ പ്രവർത്തിക്കുന്ന അർഷാദ് ദല്ലയാണ് ജഗജിതിനെ നിയന്ത്രിക്കുന്നതെങ്കിൽ നൗഷാദിന് നിർദ്ദേശം ലഭിക്കുന്നത് പാകിസ്ഥാനിലുള്ള സുഹൈലിൽ നിന്നാണ്. 1991 ൽ ഒരു കൊലക്കേസിൽ തിഹാർ ജയിലിൽ കഴിയുമ്പോഴാണ് ചുവപ്പുകോട്ട ആക്രമിച്ച കേസിൽ പ്രതിയായ ലഷ്കർ ഭീകരൻ മുഹമ്മദ് ആരിഫ് ഉൾപ്പെടെയുള്ളവരെ നൗഷാദ് പരിചയപ്പെടുന്നത്. 2011 ലാണ് സുഹൈലിനെ പരിചയപ്പെടുന്നത്. 2018 ൽ ജയിലിൽ നിന്ന് ഇറങ്ങിയ നൗഷാദ് ഒരു കൊള്ള കേസിൽ വീണ്ടും അറസ്റ്റിലായി. 2022 ഏപ്രിലിൽ ജയിലിൽ നിന്ന് ഇറങ്ങിയ നൗഷാദ് ആരിഫ്, ഷോയിബ്, സുഹൈൽ എന്നിവരുമായി ബന്ധം തുടർന്നു.

പരോളിൽ ഇറങ്ങിയ ജഗജിത്തുമായും ബന്ധം ദൃഢമാക്കി. പാകിസ്ഥാൻ, കാനഡ എന്നിവിടങ്ങളിൽ നിന്നുള്ള നിർദ്ദേശ പ്രകാരം ഇന്ത്യയിലെ പ്രമുഖ ഹിന്ദു നേതാക്കളെ ഉന്നമിടാനും പഞ്ചാബിലെ നിരോധിത സംഘടനയായ ബബ്ബർ ഖൽസയുടെ പ്രവർത്തനം സജീവമാക്കാനും നിർദ്ദേശം ലഭിച്ചു. തുടർന്നാണ് കഴിഞ്ഞ ഡിസംബറിൽ മയക്ക് മരുന്നിന് അടിമയാണെന്ന് കരുതുന്ന യുവാവിനെപ്രലോഭിപ്പിച്ച് കൊണ്ടുപോയി തലയറുത്ത് വീഡിയോയിൽ പകർത്തിയത്. കൊല്ലപ്പെട്ട യുവാവിനെ തിരിച്ചറിഞ്ഞിട്ടില്ല. ശരീര ഭാഗങ്ങൾ ഫോറൻസിക്ക് പരിശോധനയ്ക്ക് അയച്ചിരിക്കുകയാണ്.






# ഓൺലൈൻ വിൽപ്പന: ആകട നിലവാരമുള്ള ഉത്പന്നങ്ങൾക്കുമാത്രം അനുമതി നൽകാൻ നീക്കം

ന്യൂഡൽഹി: ഇ-കൊമേഴ്സ് കമ്പനികൾ വഴി ഓൺലൈനായി വിൽക്കുന്ന ഉത്പന്നങ്ങളുടെ നിലവാരം ഉറപ്പാക്കാൻ സംവിധാനം വരുന്നു. ഇതിനായി ഉപഭോക്തൃ കാര്യ മന്ത്രാലയം പ്രവർത്തനം തുടങ്ങി. ബി.ഐ.എസ്. നിലവാരത്തിലുള്ള ഉത്പന്നങ്ങൾക്കുമാത്രം ഓൺലൈൻ വിൽപ്പനയ്ക്ക് അനുവാദംനൽകാനാണ് നീക്കം. ഇതു സംബന്ധിച്ച ചർച്ചകൾക്കായി ആമസോൺ, ഫ്ളിപ്കാർട്ട് എന്നിവയടക്കം ഇ-കൊമേഴ്സ് സ്ഥാപനങ്ങളുടെ പ്രതിനിധികളുമായി ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേഡ്സ് (ബി.ഐ.എസ്.) അധികൃതർ കഴിഞ്ഞദിവസം യോഗം ചേർന്നു.

തങ്ങളുടെ പ്ലാറ്റ്ഫോമിലൂടെ രജിസ്റ്റർ ചെയ്ത വിൽപ്പനക്കാർ നൽകുന്നത് ബി.ഐ.എസ്. നിലവാരമുള്ള ഉത്പന്നങ്ങളാണോയെന്ന് ഉറപ്പാക്കാൻ മാർഗമില്ലെന്ന് കമ്പനികൾ അറിയിച്ചു. ഇതിനു പരിഹാരമായി വിൽപ്പനക്കാർ സമർപ്പിക്കുന്ന ലൈസൻസുകൾ ഓട്ടോമാറ്റിക്കായി പരിശോധിച്ച് ഉറപ്പാക്കാൻ ബി.ഐ.എസ്. സഹായിക്കും. ഇതിനായി ബി.ഐ.എസും കമ്പനികളും ചേർന്ന് സാങ്കേതികസംവിധാനം വികസിപ്പിക്കുന്നുണ്ട്. ഇത് പത്തുദിവസത്തിനകം തയ്യാറാക്കാനാണ് ശ്രമിക്കുന്നതെന്ന് ബി.ഐ.എസ്. ഡയറക്ടർ ജനറൽ പ്രമോദ് കുമാർ തിവാരി പറഞ്ഞു. നിലവാരമില്ലെങ്കിൽ സാധനം തിരിച്ചയച്ച് പരാതിപ്പെടുന്നത് ജനങ്ങൾ ശീലമാക്കണമെന്നും അദ്ദേഹം പറഞ്ഞു.

**ബി.ഐ.എസ്. സർട്ടിഫിക്കറ്റ് നിർബന്ധമാക്കും**

പുതിയ സംവിധാനം നിലവിൽ വരുന്നതോടെ ഇ-കൊമേഴ്സ് കമ്പനികൾ മുഖേന സാധനങ്ങൾ വിൽക്കാൻ ബി.ഐ.എസ്. സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടത് നിർബന്ധമാക്കും. ഈ സർട്ടിഫിക്കറ്റ് യഥാർഥമാണോയെന്ന് ബി.ഐ.എസ്. സംവിധാനം വഴി ഓട്ടോമാറ്റിക്കായി പരിശോധിക്കും. വ്യാജമാണെന്ന് കണ്ടെത്തിയാൽ വിൽപ്പന വിലക്കും. ഉത്പന്നങ്ങളുടെ ബി.ഐ.എസ്. നിലവാരം കമ്പനികൾ വെബ്സൈറ്റുകളിൽ പ്രദർശിപ്പിക്കും. നിലവാരമില്ലാത്തതെങ്കിൽ ഉത്പന്നങ്ങൾ തിരിച്ചയക്കാൻ വ്യവസ്ഥയുണ്ടാകും



# 2024ലും പ്രധാനമന്ത്രി സ്ഥാനാർത്ഥി നരേന്ദ്ര മോദി തന്നെയെന്ന് വ്യക്തമാക്കി അമിത്ഷാ

ന്യൂഡൽഹി: അടുത്ത പാർലമെന്റ് തിരഞ്ഞെടുപ്പിലും ബിജെപിയുടെ പ്രധാനമന്ത്രി സ്ഥാനാർത്ഥി നരേന്ദ്രമോദി തന്നെയാണെന്ന് വ്യക്തമാക്കി കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ.

രാജ്യത്തെ പ്രധാനമന്ത്രി പദം അലങ്കരിക്കാൻ പശ്ചിമ ബംഗാൾ മുഖ്യമന്ത്രി മമത ബാനർജിയ്ക്ക് കഴിവുണ്ടെന്ന സാമ്ബത്തിക ശാസ്ത്രജ്ഞൻ അമർത്യ സെന്നിന്റെ അഭിപ്രായത്തോട് പ്രതികരിക്കുകയായിരുന്നു അദ്ദേഹം.

അടുത്ത തിരഞ്ഞെടുപ്പിൽ പ്രാദേശിക പാർട്ടികളുടെ സഖ്യം ബിജെപിയ്ക്ക് തിരിച്ചടി ആയേക്കാമെന്നും അമർത്യാ സെൻ വാർത്താ ഏജൻസിയോട് പ്രതികരിച്ചിരുന്നു. എന്നാൽ തിരിച്ചടിയേൽക്കുമെന്ന അഭ്യൂഹങ്ങൾക്കിടയിൽ നടന്ന ഗുജറാത്ത് തിരഞ്ഞെടുപ്പിന്റെ ഫലം ചൂണ്ടിക്കാട്ടിയായിരുന്നു അമിത് ഷാ ആരോപണങ്ങൾക്ക് മറുപടി നൽകിയത്. ഗുജറാത്ത് തിരഞ്ഞെടുപ്പിലെ വിജയം ഒരു സന്ദേശമാണെന്നും 2024-ൽ നരേന്ദ്രമോദി തന്നെ പ്രധാനമന്ത്രിയായി എത്തുമെന്നും അമിത് ഷാ പറഞ്ഞു. അമിത് ഷായോടൊപ്പം കേന്ദ്രമന്ത്രി ധർമേന്ദ്ര പ്രധാനും നരേന്ദ്രമോദിയുടെ മൂന്നാമൂഴത്തെക്കുറിച്ച് സൂചന നൽകി. പ്രധാനമന്ത്രി പദത്തിൽ തത്ക്കാലം ഒഴിവില്ല എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി.

ആർഎസ്എസിനും എൻഡിഎയ്ക്കും ഒരു പോലെ സ്വീകാര്യനായ നരേന്ദ്രമോദിയെ മുൻനിർത്തി തന്നെ വരുന്ന തിരഞ്ഞെടുപ്പിനെ നേരിടാനാണ് ബിജെപിയുടെ തീരുമാനം എന്നതിന് കൂടുതൽ വ്യക്തത വരുത്തുന്നതായിരുന്നു അമിത് ഷാ അടക്കമുള്ള പ്രധാന നേതാക്കളുടെ അഭിപ്രായം. അടുത്ത വർഷം ആസന്നമാകുന്ന നിയമസഭാ തിരഞ്ഞടുപ്പുകളിൽ പ്രധാനമന്ത്രി എന്ന നിലയിൽ നരേന്ദ്രമോദിയെയും കേന്ദ്ര സർക്കാരിന്റെ വികസന പദ്ധതികളെയും പ്രചരണായുധമാക്കി ഭരണത്തുടർച്ച ഉറപ്പാക്കാനാണ് ബിജെപിയുടെ നീക്കം.

ന്യൂഡൽഹി: അടുത്ത പാർലമെന്റ് തിരഞ്ഞെടുപ്പിലും ബിജെപിയുടെ പ്രധാനമന്ത്രി സ്ഥാനാർത്ഥി നരേന്ദ്രമോദി തന്നെയാണെന്ന് വ്യക്തമാക്കി കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ.

ലോകചരിത്രത്തിലാദ്യമായി



ഡോ. നിരണം രാജൻ
അവതരിപ്പിക്കുന്ന
പുണ്യപുരാണ വിഷ്വൽ കഥാപ്രസംഗം
സൗണ്ട് സിസ്റ്റവും ലൈറ്റ് സിസ്റ്റവും ഞങ്ങൾ കൊണ്ടുവരുന്നതാണ്

വിഷ്വൽ നാടൻപാട്ട്
ശംഖൊലി
സംവിധാനം: Dr. നിരണം രാജൻ
നിരണം പി. ഒ., തിരുവല്ല, പത്തനംതിട്ട
Ph: 98470 31647

# ഫ്ളാറ്റിലെ സദാചാര പൊലീസിംഗിനെതിരെ പരാതിയുമായി താമസക്കാർ

**തൃക്കാക്കര:** കാക്കനാട് ഇൻഫോപാർക്കിന് സമീപമുള്ള ഫ്ളാറ്റിൽ സദാചാര പൊലീസിംഗ് നടത്തുന്നതായി പരാതി. ഒലിവ് കോർട്ട് യാർഡ് ഫ്ളാറ്റിന്റെ അസോസിയേഷനെതിരെയാണ് 64 കുടുംബങ്ങൾ ചേർന്ന് കൊച്ചി സിറ്റി പൊലീസ് കമ്മിഷണർക്ക് പരാതി നൽകിയത്.
രാത്രി പത്തുമണിക്ക് ശേഷം അതിഥികളെ അനുവദിക്കില്ല, രാത്രി പുറത്തിറങ്ങി നടക്കരുത്, എതിർ ലിംഗത്തിൽപ്പെട്ട അതിഥികൾ പാടില്ല എന്നിങ്ങനെയുള്ള നിയമങ്ങളാണ് അസോസിയേഷൻ നടപ്പിലാക്കാൻ ശ്രമിക്കുന്നത്. ഫ്ളാറ്റിൽ ദിവസവും തിരിച്ചറിയൽ രേഖാ പരിശോധന നടത്തുന്നുണ്ടെന്നും താമസക്കാർ പറയുന്നു.
ഫ്ളാറ്റിലെ അവിവാഹിതരായ ആളുകൾ സുഹൃത്തുക്കളെ ക്ഷണിക്കുകയാണെങ്കിൽ അവരെ സദാചാര വിരുദ്ധരായി മുദ്ര കുത്തുന്നുണ്ടെന്നും ഫ്ളാറ്റുടമകളിൽ നിന്നും ശാരീരികമായും മാനസികമായും പീഡനങ്ങൾ നേരിടേണ്ടി വരുന്നുണ്ടെന്നും പരാതിയിലുണ്ട്. രാത്രി ഷിഫ്റ്റിൽ ജോലി ചെയ്യുന്ന ഐ.ടി ഉദ്യോഗസ്ഥരാണ് അസോസിയേഷന്റെ നടപടികളിൽ ബുദ്ധിമുട്ടുണ്ടെന്നറിയിച്ച് പരാതിയുമായി രംഗത്തെത്തിയത്.
അപ്പാർട്ട്മെന്റിൽ തന്നെ താമസിക്കുന്ന മുപ്പതോളം ഉടമകളാണ് അസോസിയേഷൻ ഇപ്പോൾ ഭരിക്കുന്നത്. അസോസിയേഷന്റെ നിർദ്ദേശപ്രകാരം ജോലി ചെയ്തുവരുന്ന സുരക്ഷാ ജീവനക്കാരിൽ ചിലർ അതിഥികളായ സ്ത്രീകളോട് വളരെ മോശമായി പെരുമാറിയിട്ടുണ്ടെന്നും പരാതിക്കാർ പറയുന്നു.
ഫ്ളാറ്റിലെ വാടകക്കാരിൽ പലരും ഇൻഫോപാർക്കിലാണ് ജോലി ചെയ്യുന്നത്. ജോലിക്കുശേഷം സഹപ്രവർത്തകരായ പുരുഷന്മാർ സ്ത്രീകളെ വീട്ടിലെത്തിക്കാറുണ്ട്. എന്നാൽ ഇങ്ങനെ വരുന്ന സ്ത്രീകളെ പലപ്പോഴും ഫ്ളാറ്റിന്റെ ഗേറ്റിൽ തടഞ്ഞുനിർത്തി ചോദ്യംചെയ്യാറുണ്ടെന്ന് പരാതിയിൽ പറയുന്നു. ഫ്ളാറ്റിലെ വാടകക്കാരായ പലരുടെയും സുഹൃത്തുക്കളെയും പ്രായമായ മാതാപിതാക്കളെയും വരെ രാത്രി പത്ത് മണിക്ക് ശേഷം സെക്യൂരിറ്റി ജീവനക്കാർ ഗേറ്റിൽ തടഞ്ഞുനിർത്തിയിട്ടുണ്ടെന്നും പലപ്പോഴും തിരിച്ചയച്ചിട്ടുണ്ടെന്നും പരാതിയിൽ പറയുന്നു. അതിഥികളായെത്തുന്നവർ ഫ്ളാറ്റിൽ ഒപ്പം താമസിക്കുകയാണെങ്കിൽ അവരിൽ നിന്ന് അസോസിയേഷൻ പ്രതിദിനം 250 രൂപ ഈടാക്കുന്നതായും പരാതിയുണ്ട്. പരാതി ഇൻഫോപാർക്ക് പൊലീസിന് കൈമാറി.



# ബി.ജെ.പി അദ്ധ്യക്ഷ സ്ഥാനത്ത് ജെ.പി. നദ്ദ തുടർന്നേക്കും

ന്യൂഡൽഹി:ബി.ജെ.പി ദേശീയ അദ്ധ്യക്ഷ സ്ഥാനത്ത് കാലാവധി തീരുന്ന ജെ.പി. നദ്ദ ഒരു തവണ കൂടി തുർന്നേക്കും.ഇന്നും നാളെയുമായി ഡൽഹിയിൽ ചേരുന്ന പാർട്ടി ദേശീയ നിർവാഹക സമിതി യോഗത്തിൽ തീരുമാനമുണ്ടാവുമെന്ന് കരുതുന്നു. അദ്ധ്യക്ഷ സ്ഥാനത്ത് നദ്ദയ്ക്ക് തുടരണമെങ്കിൽ ദേശീയ നിർവ്വാഹക സമിതിയിൽ തീരുമാനിച്ച് ദേശീയ കൗൺസിൽ അംഗീകാരം നൽകണം. ഔദ്യോഗിക പ്രഖ്യാപനം ഈ യോഗത്തിലുണ്ടാകുമോയെന്ന് വ്യക്തമല്ല. കേന്ദ്ര ധനകാര്യമന്ത്രി നിർമ്മലാ സീതാരാമനെയും നേരത്തേ പാർട്ടി അദ്ധ്യക്ഷ സ്ഥാനത്തേക്ക് പരിഗണിച്ചിരുന്നു.എന്നാൽ, യോഗത്തിന് തൊട്ടടുത്ത ദിവസങ്ങളിൽ നദ്ദ ബംഗാളിലും യു.പിയിലും 2024 ലെ ലോകസഭാ തിരഞ്ഞെടുപ്പ് ലക്ഷ്യമിട്ടുള്ള പാർട്ടി യോഗങ്ങളിൽ പങ്കെടുക്കുന്നത് അദ്ദേഹത്തിന് ഒരവസരം ലഭിക്കുമെന്നതിന്റെ സൂചനയാണ്. ഈ വർഷം നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുന്ന സംസ്ഥാനങ്ങളിൽ ചില സുപ്രധാന തീരുമാനങ്ങളും യോഗത്തിലുണ്ടാകുമെന്ന് കരുതുന്നു. മദ്ധ്യപ്രദേശ്, രാജസ്ഥാൻ പോലുള്ള സംസ്ഥാനങ്ങളിലെ നിയമസഭാ തിരഞ്ഞെടുപ്പ് നയിക്കുന്നതാരാവണമെന്ന് തീരുമാനിക്കും. ശിവരാജ് സിംഗ് ചൗഹാൻ, വസുന്ധര രാജ സിന്ധ്യ തുടങ്ങിയ നേതാക്കൾക്ക് പകരം മുഖ്യമന്ത്രി സ്ഥാനാർത്ഥികൾ വരും. പാർട്ടി തലത്തിലും കേന്ദ്ര മന്ത്രിസഭയിലും നടത്താനിടയുള്ള പുനഃസംഘടനയെക്കുറിച്ചും വിശദീകരണമുണ്ടാകും. ഇത്തരം കാര്യങ്ങളിൽ അന്തിമ രൂപം നൽകാൻ ഇന്ന് രാവിലെ ഭാരവാഹി യോഗം ചേരും. പ്രധാനമന്ത്രി നരേന്ദ്ര മോദിയും പ്രധാന കേന്ദ്ര മന്ത്രിമാരും മുഖ്യമന്ത്രിമാരും സംസ്ഥാനങ്ങളുടെ ചുമതലയുള്ള പ്രഭാരിമാരും അദ്ധ്യക്ഷന്മാരും പങ്കെടുക്കും. കേരളത്തിൽ നിന്ന് വി.മുരളീധരൻ, കെ.സുരേന്ദ്രൻ, എ.പി. അബ്ദുള്ളക്കുട്ടി എന്നിവർ പങ്കെടുക്കും. രാജ്യം അഭിമുഖീകരിക്കുന്ന സുപ്രധാന വിഷയങ്ങൾ യോഗം ചർച്ച ചെയ്യുമെന്ന് ദേശീയ ജനറൽ സെക്രട്ടറി വിനോദ് താവഡെ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. രാഷ്ട്രീയ, സാമ്പത്തിക പ്രമേയങ്ങൾ അവതരിപ്പിക്കും. പാർട്ടിയുടെ ഭാവി പരിപാടികൾക്ക് അന്തിമ രൂപം നൽകും. ഡൽഹിയിലെ എൻ.ഡി.എം.സി കൺവെൻഷൻ സെന്ററിൽ നടക്കുന്ന യോഗത്തിന്റെ ഭാഗമായി ഇന്ന് സമ്മേളന നഗരിയിൽ എക്സിബിഷനും നടക്കും.
നരേന്ദ്ര മോദിയുടെ റോഡ് ഷോ ഇന്ന്
ദേശീയ നിർവാഹക സമിതി യോഗത്തിന്റെ ഭാഗമായി ഇന്ന് ഉച്ചയ്ക്ക് ശേഷം മൂന്നിന് നടക്കുന്ന പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ റോഡ് ഷോ ചരിത്രമാക്കി മാറ്റാൻ ബി.ജെ.പി. സമ്മേളന വേദിയായ എൻ.ഡി.എം.സിയിൽ നിന്നും ഒരു കിലോമീറ്റർ ദൂരം നടത്തുന്ന റോഡ് ഷോയിൽ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള കലാകാരന്മാർ സാംസ്കാരിക പരിപാടികൾ അവതരിപ്പിക്കും. റോഡിനിരുവശവും സ്വീകരണം നൽകാൻ പരമാവധി പാർട്ടി പ്രവർത്തകരെ എത്തിക്കും. റോഡ് ഷോ കണക്കിലെടുത്ത് തലസ്ഥാനത്ത് ഇന്ന് ഗതാഗത നിയന്ത്രണമുണ്ടാകുമെന്ന് ഡൽഹി പൊലീസ് അറിയിച്ചു.

# ലൈംഗികന്യൂനപക്ഷങ്ങളെ അടച്ചാക്ഷേപിച്ചിട്ടില്ല; L,G,B പ്രകൃതിവിരുദ്ധം- കെ.എം. ഷാജി

**കോഴിക്കോട്:** ലൈംഗിക ന്യൂനപക്ഷങ്ങളെ അടച്ചാക്ഷേപിച്ചിട്ടില്ലെന്ന് മുസ്‌ലിം ലീഗ് നേതാവും മുൻ എം.എൽ.എയുമായ കെ.എം. ഷാജി. ലെസ്ബിയൻ, ഗേ, ബൈ സെക്ഷ്വൽ എന്നിവ പ്രകൃതിവിരുദ്ധമാണെന്നും ഇവരെയാണ് താൻ പ്രശ്നവത്കരിച്ചതെന്നും ഷാജി ഫെയ്സ്ബുക്ക് കുറിപ്പിൽ പറഞ്ഞു. കഴിഞ്ഞദിവസം ഷാജി, നടത്തിയ ഒരു പ്രസംഗത്തിലെ ചില പരാമർശങ്ങൾ വിവാദങ്ങൾക്ക് വഴിവെച്ചിരുന്നു. ഈ പശ്ചാത്തലത്തിലാണ് വിശദീകരണവുമായി ഷാജി എത്തിയിരിക്കുന്നത്. നിലവിലുള്ള ഹെറ്ററോനോർമേറ്റിവിറ്റി (എതിർ വർഗ ലൈംഗിക സ്വാഭാവികത)യെ തകർത്ത് ഹോമോ സെക്ഷ്വാലിറ്റിയെ നോർമൽ ആയി സ്ഥാപിക്കാനുള്ള ഗൂഢശ്രമമാണ് ഇപ്പോൾ നടന്നുവരുന്നതെന്നും ഷാജി ആരോപിക്കുന്നു. നമ്മുടെ ഉന്നത വിദ്യാഭ്യാസ മന്ത്രി ആർ ബിന്ദു തന്റെ ട്വീറ്റിൽ പറഞ്ഞത് പോലെ, 'നിലവിൽ സമൂഹത്തിലുള്ള എതിർ വർഗ്ഗ ലൈംഗിക സ്വാഭാവികതാ (വലലേ്യീീൃാമശേ്യ) പൊതുബോധം പൊളിച്ചെഴുതി വളരെ സ്വതന്ത്രമായ വിദ്യാഭ്യാസപ്രക്രിയയും സാമൂഹ്യഘടനയും ഉണ്ടാക്കുകയാണ് സർക്കാർ ലക്ഷ്യം'. എത്ര മാത്രം ഗൗരവമുള്ള വിഷയമാണ് ഇതെന്ന് ഭരണത്തിലുള്ളവർ പോലും മനസ്സിലാക്കുന്നില്ല എന്നത് വളരെ സങ്കടകരമാണ്. 'അതിരുകളില്ലാത്ത ലോകം' എന്ന കാമ്പയിനിലൂടെ എസ്.എഫ്.ഐയും കുടുംബശ്രീയുടെ നേതൃത്വത്തിൽ സ്കൂളുകൾ മുഖേനയും ഈ ആശയം ബോധപൂർവ്വം പ്രചരിപ്പിക്കുന്നു. ഇതേ കാര്യം പാഠപുസ്തകത്തിലും സ്ഥാനം പിടിക്കാൻ പോകുന്നു. ഇത് നിയമസഭയിൽ വിവാദമായപ്പോൾ പോലും എഴുതി നൽകിയ മറുപടിയിൽ 'ജെൻഡർ ഒരു സാമൂഹ്യ നിർമ്മിതിയാണ്' എന്ന, ജൻഡർ പൊളിറ്റിക്സിന്റെ അടിസ്ഥാന ആശയത്തെ വീണ്ടും ആവർത്തിച്ച് പ്രഖ്യാപിക്കുകയും ചെയ്യുന്നു! ധാർമികതയും കുടുംബ സംവിധാനവും നിലനിന്നു കാണണമെന്ന് ആഗ്രഹിക്കുന്ന മഹാഭൂരിപക്ഷം വരുന്ന നമ്മുടെ സമൂഹത്തിൽ സർക്കാർ സംവിധാനങ്ങളിലൂടെയും പാഠ്യപദ്ധതിയിലൂടെയും ഈ അരാജകത്വ അജണ്ട ഒളിച്ചുകടത്താൻ ശ്രമിക്കുന്നത് കണ്ടില്ലെന്ന് നടിക്കാൻ എനിക്കാവില്ല. വിശ്വാസി സമൂഹം ഇതിനെ ശക്തമായി തടയുക തന്നെ ചെയ്യും. അവരോടൊപ്പം ഈ പോരാട്ടത്തിൽ ഞാനുണ്ടാകും. എന്റെ പ്രസ്ഥാനവും. യാതൊരു സംശയവും ആർക്കും വേണ്ട. ഭയപ്പെടുത്തി കീഴ്പ്പെടുത്താമെന്ന് ആരും കരുതേണ്ടതുമില്ല-ഷാജി ഫെയ്സ്ബുക്ക് കുറിപ്പിൽ പറയുന്നു.



# 2,500 കോടിയുടെ പദ്ധതികൾക്ക് കേന്ദ്രാനുമതി; അമൃത് രണ്ടാംഘട്ടം സംസ്ഥാനത്തെ 93 നഗരങ്ങളിൽ

**ആലപ്പുഴ:** സംസ്ഥാനത്തെ മുഴുവൻ നഗരങ്ങളുടെയും വികസനത്തിന് സർക്കാർ തയ്യാറാക്കിയ അമൃത് രണ്ടാംഘട്ട പദ്ധതിക്ക് കേന്ദ്രസർക്കാർ അംഗീകാരം നൽകി. 2,500 കോടി രൂപയുടെ പദ്ധതികൾക്കാണ് അംഗീകാരം. 93 നഗരങ്ങളിലായി ജലസ്രോതസ്സുകളുടെ നവീകരണം, പാർക്ക് നിർമാണം, സ്വാശ്രയഗ്രൂപ്പുകളുടെ ഉത്പാദനപദ്ധതികൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട് മുന്നൂറോളം പദ്ധതികൾ നടപ്പാക്കും. ഒന്നാംഘട്ടത്തിൽ തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ കോർപ്പറേഷനുകളിലും ആലപ്പുഴ, ഗുരുവായൂർ, പാലക്കാട് നഗരങ്ങളിലും മാത്രമാണ് പദ്ധതി നടപ്പാക്കിയിരുന്നത്. എന്നാൽ, രണ്ടാംഘട്ടത്തിൽ എല്ലാ ജില്ലയിലെയും നഗരങ്ങളിൽ പദ്ധതി യാഥാർഥ്യമാക്കും. തിരുവനന്തപുരം-അഞ്ച്, കൊല്ലം-അഞ്ച്, പത്തനംതിട്ട-നാല്, ആലപ്പുഴ-ആറ്, കോട്ടയം-ആറ്, ഇടുക്കി-രണ്ട്, എറണാകുളം-14, തൃശ്ശൂർ-എട്ട്, പാലക്കാട്-ഏഴ്, മലപ്പുറം-12, കോഴിക്കോട്-എട്ട്, വയനാട്-മൂന്ന്, കണ്ണൂർ-10, കാസർകോട്-മൂന്ന് എന്നിങ്ങനെയാണ് ജില്ലതിരിച്ച് പദ്ധതി അനുമതി നേടിയ നഗരങ്ങളുടെ എണ്ണം. രണ്ടുഘട്ടങ്ങളിലായാണ് അനുമതി നൽകിയതെന്ന് അമൃത് കേരള ഡെപ്യൂട്ടി എം.ഡി.യുടെ ചുമതലയുള്ള എം.കെ. വിജയകുമാർ പറഞ്ഞു. 3,600 കോടി രൂപയുടെ പദ്ധതിയാണ് രണ്ടാംഘട്ടത്തിൽ സമർപ്പിക്കുന്നത്. ഇതിൽ ആദ്യഘട്ടമായി 1,900 കോടി രൂപയുടെയും രണ്ടാംഘട്ടത്തിൽ 600 കോടി രൂപയുടെയും പദ്ധതികൾക്ക് അംഗീകാരം നൽകി. ബാക്കിയുള്ളവയുടെ അംഗീകാരവും ഉടനുണ്ടാകുമെന്നു പ്രതീക്ഷിക്കുന്നു. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 50 ശതമാനംവീതമാണ് പദ്ധതിക്കു മുതൽമുടക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. ഒന്നാംഘട്ടത്തിൽ ജലവിതരണം, വീടുകളിൽ കുടിവെള്ളമെത്തിക്കൽ, മലിനജലസംസ്കരണം, ഓട, പാർക്ക്, നടപ്പാത, മേൽപ്പാലം, കക്കൂസ് മാലിന്യ സംസ്കരണ പ്ലാന്റ് എന്നിവയുടെ നിർമാണം തുടങ്ങിയവയാണു ലക്ഷ്യമിട്ടത്. ഇതിൽ കക്കൂസ്മാലിന്യ പദ്ധതികളൊഴികെ മിക്ക പദ്ധതികളും നടപ്പാക്കി. രണ്ടാംഘട്ടത്തിൽ ജലസ്രോതസ്സുകളുടെ നവീകരണത്തിനു പ്രാമുഖ്യം നൽകിയിട്ടുണ്ട്. തോടുകൾ, പുഴകൾ, കായലുകൾ, കുളങ്ങൾ എന്നിവയുടെയെല്ലാം നവീകരണത്തിനും ശുചീകരണത്തിനും തുക വിനിയോഗിക്കാം. ഭൂരിഭാഗം നഗരസഭകളും ഇതിനായി പദ്ധതി തയ്യാറാക്കി നൽകി. ഇതിനുപുറമേ പാർക്കു നിർമാണം, സ്വാശ്രയ ഗ്രൂപ്പുകൾക്ക് ന്യൂട്രിമിക്സ് നിർമാണംപോലുള്ള പദ്ധതികൾ എന്നിവയ്ക്കും സഹായധനം ലഭിക്കും. 2015-ലാണ് അമൃത് ഒന്നാംഘട്ട പദ്ധതിക്ക് അനുമതി നൽകിയത്. അഞ്ചുവർഷംകൊണ്ട് പൂർത്തിയാക്കേണ്ടതായിരുന്നെങ്കിലും പലവിധ കാരണങ്ങളാൽ നീണ്ടുപോയി എട്ടാംവർഷത്തിലേക്കു കടന്നു. മാർച്ചിൽ ഇതിന്റെ കാലാവധി തീരും.




# പഞ്ചിംഗ് സമ്പ്രദായത്തിൽ ഭിന്നശേഷി ജീവനക്കാർക്ക് ഇളവനുവദിക്കണം: ഡി.എ.ഇ.എ

**തിരുവനന്തപുരം:** പഞ്ചിംഗ് സമ്പ്രദായം പൂർണമായും നടപ്പിലാക്കുമ്പോൾ ഭിന്നശേഷി ജീവനക്കാർക്ക് അര മണിക്കൂർ ഇളവ് ലഭിക്കുന്ന രീതിയിൽ സ്പാർക്കിൽ ആവശ്യമായ മാറ്റം വരുത്തണമെന്ന് ഡിഫറന്റ് ലിഏബിൾഡ് എംപ്ലോയീസ് അസോസിയേഷൻ (ഡി.എ.ഇ.എ ) ആവശ്യപ്പെട്ടു. ഇത്തരക്കാർക്ക് പഞ്ചിംഗ്രേഖപ്പെടുത്തുവാൻ പ്രത്യേക ക്രമീകരണവും ഏർപ്പെടുത്തണം. മേയ് 13,14 തീയതികളിൽ എറണാകുളത്ത് നടത്തുന്ന സംഘടനയുടെ മൂന്നാം സംസ്ഥാന സമ്മേളനത്തിന്റെ, സ്വാഗതസംഘം കമ്മിറ്റി രൂപീകരണയോഗം സംസ്ഥാന വർക്കിംഗ് പ്രസിഡന്റ് ബിജു.ടി.കെ ഉദ്ഘാടനം ചെയ്തു. സംസ്ഥാന ജനറൽ സെക്രട്ടറി ബെന്നി വർഗീസ്,സംസ്ഥാന ട്രഷറർ കെ.ശശികുമാർ,ഭാരവാഹികളായജോയി.പി.കെ,രാമചന്ദ്രൻ.ടി.ടി,സുരേഷ് ചാക്കോ,ബിജുമോൻ.എ.വി,ജയൻ.ഇ.എൻ,ബൈജുജോസഫ്,ഷോളിപോൾ,ഷാനി.കെ.ഡി,ജോഷി.പി.ജെ, സാജു ചെറിയാൻ,സജി.എസ്,പ്രദീപ്.പി.വി,ശിവദാസൻ.എം,കലാധരൻ.പി.എസ്, അബ്ദുൽ ജബ്ബാർ.വി.എസ് തുടങ്ങിയവർ പങ്കെടുത്തു. സ്വാഗത സംഘം ഭാരവാഹികൾ:ജോബി.എ.എസ് (മുഖ്യ സംഘാടകൻ ), ബിജു.ടി.കെ( ചെയർമാൻ ),ജോയി.പി.കെ (വൈസ് ചെയർമാൻ ),പ്രദീപ് പി.വി (ജോയിന്റ് കൺവീനർ),ജോഷി.പി.ജെ (ട്രഷറർ ).

# കോട്ടയത്ത് അൽഫാം കഴിച്ച്നേഴ്സ് മരണപ്പെട്ട സംഭവം, ഒളിവിലായിരുന്ന ഹോട്ടലുടമ പിടിയിൽ

കോട്ടയം: ഭക്ഷ്യവിഷബാധയേറ്റ് നേഴ്സ് മരിച്ച കേസിൽ പ്രതിയായ ഹോട്ടലുടമ അറസ്റ്റിൽ. സംക്രാന്തി പാർക്ക് ഹോട്ടലുടമയായ കോട്ടയം കോളറങ്ങള വീട്ടിൽ ലത്തീഫാണ് പിടിയിലായത്. സംഭവത്തിന് ശേഷം ഒളിവിൽ കഴിയുകയായിരുന്ന ഇയാളെ ബംഗളൂരു കമ്മനഹള്ളിയിൽ നിന്നാണ് പിടികൂടിയത്. ഹോട്ടലിലെ മുഖ്യപാചകക്കാരനായ മലപ്പുറം സ്വദേശി മുഹമ്മദ് സിറാജുദ്ധീനെ ദിവസങ്ങൾക്ക് മുൻപ് തന്നെ അറസ്റ്റ് ചെയ്തിരുന്നു. മലപ്പുറം കാലാമ്ബുഴയിൽ ഒളിവിലായിരുന്ന ഇയാളെ നരഹത്യക്കുറ്റം ചുമത്തിയാണ് അറസ്റ്റ് ചെയ്തത്. ഹോട്ടലിന്റെ ലൈസൻസ് പുതുക്കി നൽകിയതിന് കോട്ടയം നഗരസഭാ ഹെൽത്ത് സൂപ്പർവൈസർ എം ആർ സാനു സസ്പെൻഷൻ നേരിട്ടിരുന്നു. ഡിസംബർ 29-നാണ് കോട്ടയം മെഡിക്കൽ കോളേജിലെ അത്യാഹിതവിഭാഗത്തിലെ നേഴ്സായ രശ്മിരാജ് പാർക്ക് ഹോട്ടലിൽ നിന്നും അൽഫാം ഓർഡർ ചെയ്ത് കഴിച്ചത്. തുടർന്ന് ആരോഗ്യനില വഷളാവുകയും ജനുവരി രണ്ടോടെ മരണപ്പെടുകയുമായിരുന്നു.




# പുണ്യനദിയായ ഗംഗയിലൂടെ മദ്യം വിളമ്പുന്ന കപ്പൽ, ബി ജെ പിക്കെതിരെ രൂക്ഷ വിമർശനവുമായി അഖിലേഷ് യാദവ്

റായ്ബറേലി: ലോകത്തിലെ ഏറ്റവും ദൈർഘ്യമേറിയ നദീയാത്രയായ എംവി ഗംഗാവിലാസ് ആരംഭിച്ച് രണ്ടാം ദിവസം ബി ജെ പിക്കെതിരെ രൂക്ഷവിമർശനവുമായി സമാജ് വാദി പാർട്ടി നേതാവ് അഖിലേഷ് യാദവ്. പുണ്യനദിയായ ഗംഗയിലൂടെ ബാർ സംവിധാനമുള്ള യാത്രാക്കപ്പൽ സർവീസ് നടത്തുന്നതിനെ അദ്ദേഹം ചോദ്യം ചെയ്തു. റായ്ബറേലിയിൽ മാദ്ധ്യമ പ്രവർത്തകരെ കണ്ടപ്പോഴാണ് അഖിലേഷ് യാദവ് മോദി ഉദ്ഘാടനം ചെയ്ത ക്രൂസ് പദ്ധതിയെ വിമർശിച്ചത്. 'അടുത്ത കാലം വരെ, ഞങ്ങൾ ഗംഗയിൽ ആരതി കേൾക്കുകയും അവിടെ ഇരുന്നുകൊണ്ട് ഭക്തിസാന്ദ്രമായ സ്തുതികൾ കേൾക്കുകയും ചെയ്യാറുണ്ടായിരുന്നു. ഗംഗയിൽ ബോട്ട് സവാരിക്ക് പോകുമ്ബോഴെല്ലാം എന്തുചെയ്യാൻ കഴിയും, എന്തുചെയ്യാൻ പാടില്ലെന്ന് വിശദീകരിക്കും. കപ്പൽ യാത്രയിൽ ഒരു ബാർ ഉണ്ടോ എന്ന് ഇപ്പോൾ ബിജെപിക്കാർക്ക് മാത്രമേ പറയാൻ കഴിയൂ, കാരണം ഞങ്ങൾ ഇതുവരെ അതിൽ പ്രവേശിച്ചിട്ടില്ല,' അഖിലേഷ് യാദവ് പറഞ്ഞു. തിരഞ്ഞെടുപ്പ് ലക്ഷ്യമിട്ട് ബി ജെ പി നിലവിലുള്ള പദ്ധതികൾ വീണ്ടും ഉദ്ഘാടനം ചെയ്യുകയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. അതേസമയം ട്വീറ്റിലൂടെയും അഖിലേഷ് എം വി ഗംഗയെ വിമർശിച്ചിരുന്നു. മതപരമായ സ്ഥലങ്ങൾ വിനോദസഞ്ചാര കേന്ദ്രങ്ങളാക്കി പണം സമ്പാദിക്കുന്ന ബിജെപിയുടെ നയം അപലപനീയമാണ്. ലോകമെമ്ബാടുമുള്ള ആളുകൾ കാശിയുടെ ആത്മീയ മഹത്വം അനുഭവിക്കാനാണ് വരുന്നതെന്നും, അഡംബരയാത്രയ്ക്കല്ലെന്നുമാണ് അദ്ദേഹം ട്വീറ്റ് ചെയ്തത്.



കഴിഞ്ഞ വെള്ളിയാഴ്ചയാണ് പ്രധാനമന്ത്രി മോദി വെള്ളിയാഴ്ച വാരണാസിയിൽ നിന്നാരംഭിച്ച എംവി ഗംഗാവിലാസ് യാത്രാകപ്പൽ വീഡിയോ കോൺഫറൻസിലൂടെ ഫ്ളാഗ് ഓഫ് ചെയ്തത്. ഉത്തർപ്രദേശിലെ വാരണാസിയിൽ നിന്ന് യാത്ര ആരംഭിച്ച് 51 ദിവസത്തിനുള്ളിൽ 3,200 കിലോമീറ്റർ സഞ്ചരിച്ച് ബംഗ്ലാദേശ് വഴി ആസാമിലെ ദിബ്രുഗഡിലെത്തും, ഇന്ത്യയിലും ബംഗ്ലാദേശിലുമായി 27 നദീതടങ്ങളിലൂടെ കപ്പൽ സഞ്ചരിക്കും. മൂന്ന് ഡെക്കുകളും 18 സ്യൂട്ടുകളും 36 വിനോദസഞ്ചാരികളെ ഉൾക്കൊള്ളാനുള്ള സൗകര്യവും കപ്പലിലുണ്ട്.

# മോഹൻലാലിനെവച്ച്സിനിമ ചെയ്യാത്തത് ആ ഇമേജ് കാരണം; ദിലീപ് നിരപരാധി, പ്രിയപ്പെട്ട നടി കാവ്യയെന്നും അടൂർ

മോഹൻലാലിന്റെ നല്ല റൗഡി ഇമേജ് തനിക്ക് പ്രശ്നമാണെന്നും അതുകൊണ്ടാണ് അദ്ദേഹത്തെവച്ച് സിനിമ ചെയ്യാത്തതെന്നും സംവിധായകൻ അടൂർ ഗോപാലകൃഷ്ണൻ. അത്തരമൊരു ഇമേജ് മനസിൽ നിന്ന് കളയാൻ സാധിക്കുന്നില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഒരു ദേശീയ മാദ്ധ്യമത്തിന് നൽകിയ അഭിമുഖത്തിലാണ് അടൂർ ഗോപാലകൃഷ്ണൻ ഇക്കാര്യം വ്യക്തമാക്കിയത്. തന്റെ ഏറ്റവും പ്രിയപ്പെട്ട നടൻ പി കെ നായർ ആണെന്നും അദ്ദേഹം പറഞ്ഞു. തന്റെ എല്ലാ സിനിമയിലും അദ്ദേഹം അഭിനയിച്ചിട്ടുണ്ട്. നടനെന്ന നിലയിൽ അദ്ദേഹം അത്ഭുതപ്പെടുത്തിയിട്ടുണ്ടെന്നും അടൂർ കൂട്ടിച്ചേർത്തു. പ്രിയപ്പെട്ട നടി കാവ്യ മാധവനാണ്. പിന്നെയും എന്ന ചിത്രത്തിലെ കാവ്യയുടെ പ്രകടനം അമ്പരപ്പിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. കെ ആർ നാരായണൻ ഫിലിം ഇൻസ്റ്റിട്യൂട്ടിലെ ജാതിവിവേചനം സംബന്ധിച്ച പ്രതിഷേധങ്ങളിലും അദ്ദേഹം പ്രതികരിച്ചു. യുവസംവിധായകരായ ആഷിഖ് അബു, രാജീവ് രവി എന്നിവർ വിഷയത്തിൽ തന്നെ വിമർശിച്ചത് പബ്ളിസിറ്റിയ്ക്ക് വേണ്ടിയാണെന്ന് അദ്ദേഹം കുറ്റപ്പെടുത്തി. അവർക്ക് ഇൻസ്റ്റിട്യൂട്ടിനെക്കുറിച്ച് ഒന്നുമറിയില്ല. അവർ ഊഹാപോഹങ്ങൾ മെനയുകയാണ്. ഇത് തികച്ചും നിരുത്തരവാദപരമാണ്. അവർ സ്വയം പുതിയ തലമുറ സംവിധായകരെന്ന് വിശേഷിപ്പിക്കുന്നു. എന്നാൽ അവരിൽ എന്ത് പുതുമയാണുള്ളതെന്നും അദ്ദേഹം കുറ്റപ്പെടുത്തി. ജാതിബോധമാണ് ഇൻസ്റ്റിട്യൂട്ടിലെ പ്രശ്നവുമായി ബന്ധപ്പെട്ടുള്ള അടൂരിന്റെ പ്രസ്താവനകൾക്ക് പിന്നിലെന്ന വിമർശനത്തിനും അദ്ദേഹം മറുപടി നൽകി. ഇരുപതാമത്തെ വയസിൽ ജാതിപ്പേര് ഉപേക്ഷിച്ചയാളാണ് താൻ. അതിനാൽ ജാതീയതെക്കുറിച്ച് ആരും തന്നെ പഠിപ്പിക്കേണ്ട. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് വീട് പണിയുന്നതിനായി ലൈഫ് മിഷനുവേണ്ടി സ്വന്തം സ്ഥലം വിട്ടുനൽകിയ ആളാണ് താനെന്നും അദ്ദേഹം വ്യക്തമാക്കി.
നടിയെ ആക്രമിച്ച കേസുമായി ബന്ധപ്പെട്ടും അടൂർ പ്രതികരിച്ചു. ദിലീപ് നിരപരാധിയാണെന്നാണ് താൻ വിശ്വസിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. തെളിവില്ലാതെ ആരുടെയെങ്കിലുംമേൽ കുറ്റം ചുമത്തുന്നതിന് എതിരാണ് താൻ. ഐ എസ് ആർ ഒ ചാരക്കേസിൽ കെ കരുണാകരനെ



ക്രൂശിലേറ്റിയത് ഇതിനുദ്ദാഹരണമാണ്.
പിന്നീട് അദ്ദേഹം നിരപരാധിയാണെന്ന് തെളിഞ്ഞു. ഇത്തരത്തിൽ കെ ആർ നാരായണൻ ഇൻസ്റ്റിട്യൂട്ടിലെ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് ഡയറക്ടർ ശങ്കർ മോഹന്റെ ഭാര്യയെക്കുറിച്ച് അടിസ്ഥാനമില്ലാത്ത കാര്യങ്ങൾ പറഞ്ഞു പരത്തുകയാണെന്നും അടൂർ ആരോപിച്ചു.



# ശബരിമല : മകരസംക്രമ പൂജയും മകരജ്യോതി ദർശനവും കഴിഞ്ഞിട്ടും സന്നിധാനത്തേക്ക് തീർത്ഥാടക പ്രവാഹം തുടരു

**ശബരിമല :**പന്തളത്തു നിന്ന് കൊണ്ടു വന്ന തിരുവാഭരണങ്ങൾ ചാർത്തിയുള്ള ദർശനം 19 വരെ ഉണ്ടാവും. 20ന് പുലർച്ചെ നട അടയ്ക്കും. അന്ന് ഭക്തർക്ക് ദർശനമില്ല. ഇന്നലെ വൈകിട്ട് മാളികപ്പുറത്തു നിന്ന് പതിനെട്ടാം പടിയിലേക്ക് അമ്ബലപ്പുഴ, ആലങ്ങാട്ട് സംഘത്തിന്റെ ആചാരപരമായ എഴുന്നള്ളത്ത് നടന്നു. താലപ്പൊലിയുടെയും വാദ്യമേളങ്ങളുടെയും അകമ്ബടിയോടെ നടന്ന എഴുന്നള്ളത്ത് ഭക്തിസാന്ദ്രമായി. ദീപാരാധനയ്ക്ക് ശേഷം പടി പൂജ നടന്നു. അത്താഴപൂജയ്ക്കു ശേഷം രാത്രി 10ന് മാളികപ്പുറം മണിമണ്ഡപത്തിൽ നിന്ന് പതിനെട്ടാംപടിയിലേക്ക് വിളക്കിനെഴുന്നള്ളത്തും വേട്ടക്കുറുപ്പന്മാരുടെ നേതൃത്വത്തിൽ നായാട്ടുവിളിയും നടന്നു. 18ന് രാത്രി ശരംകുത്തിയിലേക്കുള്ള എഴുന്നള്ളത്തും നായാട്ടുവിളിയും , 19ന് മാളികപ്പുറത്ത് പ്രത്യേകം തയ്യാറാക്കിയ സ്ഥലത്ത് വലിയ ഗുരുതിയും നടക്കും. ജനുവരി ഒന്ന് മുതൽ 13.96 ലക്ഷം തീർത്ഥാടകർ വെർചൽ ക്യൂ വഴി ദർശനത്തിന് ബുക്കു ചെയ്തു. മകരവിളക്ക് ദിവസം മാത്രം 89,939 പേരാണ് വെർചൽ ക്യൂ വഴി ബുക്കിംഗ് നടത്തിയത്. പർണശാലകൾ കെട്ടി പൂങ്കാവനത്തിൽ കഴിഞ്ഞിരുന്നവരും 13ന് രാത്രി പമ്ബയിൽ നിന്ന് സന്നിധാനത്തേക്ക് എത്തിയവരും ദർശനം കാത്ത് സന്നിധാനത്ത് തങ്ങി. അരവണ പ്രസാദത്തിനായി മണിക്കൂറുകൾ ക്യൂ നിൽക്കേണ്ടി വന്നതും സന്നിധാനത്ത് ഭക്തജനത്തിരക്ക് വർദ്ധിക്കാൻ കാരണമായി. ആന്ധ്ര, കർണാടക, തമിഴ്നാട്, തെലുങ്കാന സംസ്ഥാനങ്ങളിൽ നിന്നുള്ള അയ്യപ്പഭക്തരാണ് ദർശനം നടത്തി മടങ്ങുന്നവരിൽ അധികവും. കൊവിഡിനെ തുടർന്നുള്ള നിയന്ത്രണങ്ങൾ പിൻവലിച്ച സാഹചര്യത്തിൽ കണ



# പുഴുക്കലരി സ്റ്റോക്കുണ്ട്, റേഷൻ കടയിലേക്കില്ല തടസം നീക്കാതെ ആരോഗ്യവകുപ്പ്

**തിരുവനന്തപുരം:** വിതരണം ചെയ്യാൻ ആവശ്യമായ പുഴുക്കലരി എഫ്.സി.ഐ ഗോഡൗണുകളിലുണ്ടെങ്കിലും റേഷൻ കടകളിൽ എത്തുന്നില്ല. പകരം വരുന്നത് പച്ചരി. അതാകട്ടെ വാങ്ങുന്നവർ കുറവ്. ഫോർട്ടിഫൈഡ് പുഴുക്കലരി കേന്ദ്രം വിതരണത്തിന് എത്തിക്കുകയും അത് ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുമെന്ന് ആക്ഷേപം ഉയരുകയും ചെയ്തതോടെയാണ് പ്രശ്നത്തിന്റെ തുടക്കം. തുടർന്ന് സംസ്ഥാന ഭക്ഷ്യവകുപ്പ് ആരോഗ്യവകുപ്പിന്റെ സഹായം തേടി. ഫോർട്ടിഫൈഡ് അരിയെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് നൽകാൻ ആരോഗ്യ വകുപ്പ് 2022 നവംബർ 25ന് വിദഗ്ദ്ധ സമിതിയെ നിയോഗിച്ചു. ഈ സമിതി ഇതുവരെ റിപ്പോർട്ട് നൽകിയിട്ടില്ല . റിപ്പോർട്ട് ലഭിക്കാതെ സ്റ്റോക്കെടുക്കാൻ ഭക്ഷ്യ വകുപ്പ് തയ്യാറല്ല. ഈ സാഹചര്യത്തിൽ പാവപ്പെട്ടവർ അടുത്ത മാസവും പച്ചരിക്കഞ്ഞി കുടിച്ച് കഴിയേണ്ടി വരും. നേരത്തേ 75 % പുഴുക്കലരിയും ബാക്കി പച്ചരിയുമാണ് ലഭിച്ചിരുന്നത്. ഒക്ടോബറിൽ പുഴുക്കലരി വിഹിതം 40ശതമാനം ആയി കുറഞ്ഞു.

# ജഡ്ജിക്കെന്ന പേരിൽ 25 ലക്ഷം വാങ്ങി; അഭിഭാഷകനെതിരെ അന്വേഷണം

**കൊച്ചി:** പീഡനക്കേസിൽ പ്രതിയായ സിനിമാ മേഖലയിലെ വ്യക്തിക്ക് മുൻകൂർ ജാമ്യം ലഭിക്കാൻ ഹൈക്കോടതി ജഡ്ജിക്ക് നൽകാനെന്ന പേരിൽ കൊച്ചിയിലെ പ്രമുഖ അഭിഭാഷകൻ 25 ലക്ഷം രൂപ കൈക്കൂലി വാങ്ങിയെന്ന ആരോപണത്തെക്കുറിച്ച് പൊലീസിന്റെ പ്രത്യേക സംഘം അന്വേഷണം ആരംഭിച്ചു. ഇന്നലെയാണ് ഡി.ജി.പിയുടെ അറിയിപ്പ് ലഭിച്ചതെന്നും കൂടുതൽ വിവരങ്ങൾ ശേഖരിച്ചുവരികയാണെന്നും സിറ്റി പൊലീസ് കമ്മിഷണർ കെ. സേതുരാമൻ പറഞ്ഞു. ഹൈക്കോടതി അഡ്വക്കേറ്റ്സ് അസോസിയേഷന്റെ പ്രധാന ചുമതലയുള്ള അഭിഭാഷകനെതിരെ ഉയർന്ന പരാതി അന്വേഷിക്കാൻ ഡി.ജി.പിയോട് ഹൈക്കോടതി രജിസ്ട്രാർ ആവശ്യപ്പെടുകയായിരുന്നു. തുടർന്ന് സിറ്റി പൊലീസ് കമ്മിഷണറെ ഡി.ജി.പി തിരുവനന്തപുരത്തേക്കു വിളിച്ചുവരുത്തി. നവംബറിൽ ഹൈക്കോടതി അഡ്വക്കേറ്റ്സ് അസോസിയേഷൻ തിരഞ്ഞെടുപ്പുവേളയിൽ ഈ അഭിഭാഷകനെതിരെ ഇതേ ആരോപണം ഉയർന്നിരുന്നു. ഇത് ജഡ്ജിയുടെ ശ്രദ്ധയിൽപ്പെടുകയും വിജിലൻസ് രജിസ്ട്രാറുടെ അന്വേഷണത്തിന് ഉത്തരവിടുകയുമായിരുന്നു. ആരോപണം കോടതിക്കു കളങ്കമുണ്ടാക്കുന്നതാണെന്ന് ബോദ്ധ്യപ്പെട്ടതിനെ തുടർന്ന് ഫുൾ കോർട്ട് ചേർന്നാണ് പൊലീസ് അന്വേഷണത്തിന് വിടാൻ തീരുമാനിച്ചത്. ഹൈക്കോടതി നിർദ്ദേശപ്രകാരം ഒരു അഭിഭാഷകനെതിരെ പൊലീസ് അന്വേഷണം നടത്തുന്നത് ആദ്യമായാണ്.



# ശ്രീനാരായണഗുരുവിനെക്കുറിച്ചുള്ള പുസ്തകം അടുത്ത ലക്ഷ്യം: ശശി തരൂർ

തിരുവനന്തപുരം: ശ്രീനാരായണഗുരുദേവനെക്കുറിച്ചുള്ള സമഗ്രമായ പുസ്തകമാണ് തന്റെ അടുത്ത ലക്ഷ്യമെന്ന് ശശി തരൂർ എം.പി പറഞ്ഞു. കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവ വേദിയിൽ വായനക്കാരുമായി സംവദിക്കുകയായിരുന്നു അദ്ദേഹം. ശ്രീനാരായണ ഗുരുദേവന്റെ തത്വ ചിന്തകളും ദർശനങ്ങളും ജീവിതവുമൊക്കെയുള്ള സമഗ്രമായ പഠനമാണ് താൻ ഉദ്ദേശിക്കുന്നത്. 23 പുസ്തകങ്ങൾ എഴുതിയതിൽ ആകെ ഒരു ജീവചരിത്രം മാത്രം . അത് ജവഹർലാൽ നെഹ്രുവിനെക്കുറിച്ചാണ്. അതിനുശേഷം അത്തരമൊരു പുസ്തകമാണ് അംബേദ്കർ: എ ലൈഫ്. രാജ്യത്ത് ഏറ്റവും കൂടുതൽ പ്രതിമകളുള്ളത് അംബേദ്കറിന്റേതാണ്. കുറച്ചു വർഷം മുൻപ് ചില ചാനലുകൾ നടത്തിയ മഹാനായ ഇന്ത്യക്കാരൻ ആരെന്ന സർവേയിൽ ഒന്നാമതെത്തിയതും അംബേദ്കറായിരുന്നു. വീട്ടിൽ നിന്ന് ചാക്കു കൊണ്ടുവന്ന് പഠിച്ച അംബേദ്കറായിരുന്നു ആദ്യമായി ജാതിയെക്കുറിച്ച് യൂണിവേഴ്സിറ്റിയിൽ ഒരു പേപ്പർ സമർപ്പിച്ചത്. ദളിത് ഉന്നമനത്തിനായി പ്രവർത്തിക്കുമ്ബോഴും മികച്ച ഫെമിനിസ്റ്റുമായിരുന്നു അദ്ദേഹം. സ്ത്രീകളുടെ അവകാശങ്ങൾക്കുവേണ്ടി പോരാടി. തുല്യതയ്ക്കായി വാദിച്ചു. സ്ത്രീകൾ സ്വന്തം കാലിൽ നിൽക്കുന്നവരാകണമെന്ന് 1930കളിലും 40കളി




# തലസ്ഥാനത്ത് പൊലീസിനെ ബോംബെറിഞ്ഞ പ്രതികൾ മർദ്ദിച്ച്കിണറ്റിൽ തള്ളിയത് മുഖ്യമന്ത്രിയുടെ സ്പെഷ്യൽ പ്രൈവറ്റ് സെക്രട്ടറിയുടെ സഹോദരനെ

**തിരുവനന്തപുരം:** തലസ്ഥാനത്ത് ഗുണ്ടകളുടെ തേർവാഴ്ച യഥേഷ്ടം തുടരുന്നതിനിടയിൽ കഴിഞ്ഞ ദിവസമുണ്ടായ കണിയാപുരം ബോംബേറ് കേസിലെ പ്രതിയായ ഷെഫീഖിനെയും കൂട്ടാളിയെയും നാട്ടുകാർ ഒളിവിടത്തിൽ നിന്നും പിടികൂടി ഇന്ന് പൊലീസിന് കൈമാറിയിരുന്നു. ഒളിവിൽ കഴിഞ്ഞിരുന്ന വീടിന്റെ ഉടമസ്ഥനെ കല്ലുകൊണ്ട് തലയ്ക്കടിച്ച് കിണറ്റിൽ തള്ളിയ ശേഷം രക്ഷപ്പെടാൻ ശ്രമിക്കുന്നതിനിടയിലായിരുന്നു നാട്ടുകാർ ഇവരെ നാടകീയമായി പിടികൂടിയത്. പൊലീസിനെ ബോംബെറിഞ്ഞ് ഒളിവിൽ പോയ പ്രതികളെ നാട്ടുകാർ പിടികൂടി നൽകേണ്ട സ്ഥിതിവിശേഷം ഉണ്ടായതിൽ പരക്കേ ആക്ഷേപം ഉയർന്നിരുന്നു. ഇതിനിടയിലാണ് സംഭവത്തെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ പുറത്തു വന്നിരിക്കുന്നത്. ഒളിവിൽ കഴിഞ്ഞ പ്രതികൾ അപായപ്പെടുത്തി കിണറ്റിൽ തള്ളിയത് സംസ്ഥാനത്തെ ആഭ്യന്തരവകുപ്പിന്റെ ചുമതലക്കാരനായ മുഖ്യമന്ത്രിയുടെ തന്നെ പ്രൈവറ്റ് സെക്രട്ടറിയുടെ സഹോദരനെയാണ്. പാറ്റൂർ ഗുണ്ടാ ആക്രമണത്തിലടക്കം പ്രധാന ഗുണ്ടാ നേതാക്കളെ പിടികൂടുന്നതിൽ പൊലീസ് അലംഭാവം കാണിക്കുന്നതായി ആരോപണമുയരുന്നതിനിടയിലാണ് ഇത്തരത്തിലൊരു കൃത്യത്തിനും തലസ്ഥാനം സാക്ഷിയായത്. മംഗലപുരം പായ്ച്ചിറയിൽ പണത്തിനായി യുവാവിനെ തട്ടിക്കൊണ്ടു പോയ കേസിലെ പ്രതികളെ പിടികൂടാനെത്തിയ പൊലീസിന് നേരെ ആക്രമണമുണ്ടായ സംഭവത്തിൽ ഒളിവിൽപ്പോയ മുഖ്യപ്രതിയായിരുന്നു മംഗലപുരം പായ്ച്ചിറ ഷെഫീക്ക് മൻസിൽ ഷെഫീക്ക് (25). ഇയാളെ അനിഷ്ടസംഭവങ്ങൾക്കിടയിൽ ആര്യനാട് നിന്നും നാട്ടുകാർ ചേർന്ന് പിടികൂടി പൊലീസിൽ ഏൽപ്പിക്കുകയായിരുന്നു. അതേ സമയം അന്വേഷണത്തിന്റെ ഭാഗമായി ഗുണ്ടാസംഘത്തെ പിടികൂടാനെത്തിയ പൊലീസുകാർക്ക് നേരെ പ്രതികൾ നാടൻ ബോംബെറിയുകയായിരുന്നു. ബോംബേറിൽ നിന്ന് അത്ഭുതകരമായി രക്ഷപ്പെട്ട പൊലീസുകാരെ ഗുണ്ടകളുടെ അമ്മ മഴുവിന് വെട്ടിപ്പരിക്കേൽപ്പിക്കാനും ശ്രമിച്ചു. കഴിഞ്ഞ വെള്ളിയാഴ്ച ഉച്ചയോടെയായിരുന്നു നാടകീയ സംഭവവികാസങ്ങൾ അരങ്ങേറിയത്. പിന്നാലെ ബോംബെറിഞ്ഞ ഗുണ്ടയും മഴുപ്രയോഗിച്ച അമ്മയും അറസ്റ്റിലായിരുന്നു. ഷീജ (44), മകൻ ഷെമീർ (23) എന്നിവരാണ് അറസ്റ്റിലായത്. ഇതിന് പിന്നാലെയാണ് ഒളിവിൽപ്പോയ ഷെഫീക്കിനെ ഇന്ന് അറസ്റ്റ് ചെയ്തത്. സാമ്ബത്തിക ഇടപാടുമായി ബന്ധപ്പെട്ട് രണ്ടുദിവസം മുമ്ബ് പുത്തൻതോപ്പ് സ്വദേശിയായ നിഖിൽ റോബർട്ടിനെ ഷെമീറും ഷെഫീക്കും ഉൾപ്പെടുന്ന 11 അംഗ ഗുണ്ടാസംഘം തട്ടിക്കൊണ്ടുപോയി ക്രൂരമായി മർദ്ദിച്ച് വഴിയിൽ തള്ളിയിരുന്നു. അവശനായ നിഖിൽ ആശുപത്രിയിൽ ചികിത്സതേടി. സംഭവത്തിൽ കേസെടുത്ത് അന്വേഷണം ആരംഭിച്ച പൊലീസ് ഷെഫീക്കിനെയും ഷെമീറിനെയും തേടി മംഗലപുരം പാച്ചിറയിലെ വീട്ടിലെത്തി. പൊലീസ് എത്തിയ ഉടൻ വീട്ടിനുള്ളിൽ നിന്ന് നാടൻ ബോംബ് വലിച്ചെറിയുകയായിരുന്നു. നാടൻ ബോംബ് പൊട്ടാതിരുന്നതിനാൽ പൊലീസുകാർ രക്ഷപ്പെട്ടു. ഇതിനിടെയാണ് ഷീജ മഴുവുമായി പൊലീസിനെ വെട്ടാൻ ശ്രമിച്ചത്. പൊലീസുകാർ ഒഴിഞ്ഞുമാറിയതിനാൽ പരിക്കേൽക്കാതെ രക്ഷപ്പെട്ടു. ഇതോടെ പ്രതികൾ പൊലീസിനെ വെട്ടിച്ച് ഓടി രക്ഷപ്പെടാൻ ശ്രമിച്ചു. പിന്തുടർന്ന പൊലീസ് ഷെമീറിനെ പിടികൂടുകയും ഷീജയെ അറസ്റ്റു ചെയ്യുകയുമായിരുന്നു. മഴുവും കസ്റ്റഡിയിലെടുത്തു. ഇവരെ മംഗലപുരം സ്റ്റേഷനിൽ കൊണ്ടുവന്നയുടൻ ഷെമീർ ആത്മഹത്യയ്ക്ക് ശ്രമിച്ചു. ഷെമീറിനെ ലോക്കപ്പിലാക്കുന്നതിന് മുമ്ബ് ദേഹപരിശോധന നടത്തിയെങ്കിലും നാക്കിനടിയിൽ ഒളിപ്പിച്ചിരുന്ന ബ്ളേഡിന്റെ കഷ്ണം ശ്രദ്ധയിൽപ്പെട്ടിരുന്നില്ല. ബ്ളേഡ് കഷണം ഉപയോഗിച്ച് കഴുത്തിൽ മുറിവുണ്ടാക്കി ആത്മഹത്യാശ്രമം നടത്തിയ ഷെമീറിനെ പൊലീസ് കാവലിൽ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.



# കോൺഗ്രസ് പ്രവർത്തകനെ വധിക്കാൻ ശ്രമിച്ച കേസ്; ലക്ഷദ്വീപ് മുൻ എം പിയുടെ സഹോദരനെ സർവീസിൽ

**കവരത്തി:** കോൺഗ്രസ് പ്രവർത്തകനെ വധിക്കാൻ ശ്രമിച്ച കേസിൽ ലക്ഷദ്വീപ് മുൻ എം പിയുടെ സഹോദരനെ സർക്കാർ സർവീസിൽ നിന്ന് പിരിച്ചുവിട്ടു. കേസിലെ ഒന്നാംപ്രതി നൂറുൾ അമീനെയാണ് ലക്ഷദ്വീപ് അഡ്മിനിസ്ട്രേറ്റർ പിരിച്ചുവിട്ടത്. കേസിൽ ശിക്ഷിക്കപ്പെട്ടതിന് പിന്നാലെയാണ് നടപടി. അന്ത്രോത്ത് എം ജി എസ് എസ് എസ് സ്കൂളിൽ ഇംഗ്ളീഷ് അദ്ധ്യാപകനായിരുന്നു നൂറുൽ അമീൻ. കേസിലെ രണ്ടാം പ്രതിയായ മുൻ എം പി മുഹമ്മദ് ഫൈസലും നൂറുൽ അമീനും അടക്കമുള്ളവർ നിലവിൽ കണ്ണൂർ സെൻട്രൽ ജയിലിൽ തടവിൽ കഴിയുകയാണ്. അദ്ധ്യാപകൻ സമൂഹത്തിന് അഹിംസയുടെ സന്ദേശം നൽകേണ്ട വ്യക്തിയാണ് എന്നാണ് പിരിച്ചുവിടൽ സന്ദേശത്തിൽ ഭരണകൂടം വ്യക്തമാക്കുന്നത്. നൂറുൽ അമീന്റെ പ്രവൃത്തി ഇതിന് ചേർന്നതല്ലെന്നും അഡ്മിനിസ്ട്രേറ്റർ കൂട്ടിച്ചേർത്തു. ക്രിമിനൽ കേസിൽ ശിക്ഷിക്കപ്പെട്ടതിന് പിന്നാലെ നൂറുൽ അമീന്റെ സഹോദരൻ മുഹമ്മദ് ഫൈസൽ എം പി സ്ഥാനത്തുനിന്ന് അയോഗ്യനായിരുന്നു. 2009ൽ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട സംഘർഷത്തിനിടെ കോൺഗ്രസ് പ്രവർത്തകനായ മുഹമ്മദ് സാലിഹിനെ ആക്രമിച്ച കേസിലാണ് ഇരുവരും ശിക്ഷിക്കപ്പെട്ടത്. കേസിലെ നാല് പ്രതികൾക്കും പത്ത് വർഷം തടവും ഒരു ലക്ഷം രൂപ പിഴയും കവരത്തി ജില്ലാ സെഷൻസ് കോടതി വിധിച്ചിരുന്നു. പിന്നാലെ പത്തുവർഷത്തെ തടവുശിക്ഷ റദ്ദാക്കണമെന്നാവശ്യപ്പെട്ട് മുഹമ്മദ് ഫൈസൽ, സഹോദരൻ അമീൻ അടക്കം നാല് പ്രതികൾ കേരള ഹൈക്കോടതിയിൽ അപ്പീൽ നൽകിയിരുന്നു. ഹർജി ഈ മാസം 17നാണ് പരിഗണിക്കുന്നത്. കേസിൽ എതിർ സത്യവാങ്മൂലം നൽകാൻ പരാതിക്കാരനായ മുഹമ്മദ് സാലിഹിനോടും പ്രോസിക്യൂഷനോടും കോടതി നിർദേശിച്ചിട്ടുണ്ട്. അപ്പീലിൽ വിധി വരുന്നതുവരെ കവരത്തി കോടതിയുടെ ശിക്ഷ നടപ്പാക്കുന്നത് നിർത്തിവയ്ക്കണമെന്ന എം പിയുടെ ആവശ്യത്തിൽ ചൊവ്വാഴ്ച വിശദമായ വാദം കേൾക്കും.




# വിമാന യാത്രയ്ക്കിടെ വായിൽനിന്ന് രക്തസ്രാവം: അറുപതുകാരൻ മരിച്ചു

ഇൻഡോർ: വിമാനയാത്രയ്ക്കിടെ വായിൽ രക്തസ്രാവം ഉണ്ടായതിനെത്തുടർന്ന് അറുപതുകാരൻ മരിച്ചു. മഥുരയിൽ നിന്ന് ഡൽഹിയിലേക്കുള്ള ഇൻഡിഗോ വിമാനത്തിലെ യാത്രക്കാരനായ അതുൽ ഗുപ്തയാണ് മരിച്ചത്. രക്തസ്രാവത്തെ തുടർന്ന് അതുൽ ഗുപ്തയുടെ ആരോഗ്യനില വഷളായതോടെ വിമാനം ഇൻഡോർ വിമാനത്താവളത്തിലേക്ക് വഴിതിരിച്ചുവിട്ടു. വിമാനത്താവളത്തിലെത്തിയ ഉടനെ ആശുപത്രിയിലേക്ക് മാറ്റിയെങ്കിലും ജീവൻ രക്ഷിക്കാനായില്ല. ആശുപത്രിയിൽ എത്തിയപ്പോഴേക്കും അതുൽ മരിച്ചിരുന്നുവെന്നാണ് ഡോക്ടർമാർ പറയുന്നത്. ഹൃദ്രോഗത്തിനും ഉയർന്ന രക്തസമ്മർദ്ദത്തിനും പ്രമേഹത്തിനും നേരത്തേ ചികിത്സ തേടിയിരുന്ന വ്യക്തിയാണ് അതുൽ എന്ന് ഡോ




ക്ടർമാർ അറിയിച്ചിരുന്നതാണ് വിമാനത്താവള ഡയറക്ടർ അറിയിച്ചു.

# രജിസ്ട്രാർ ഓഫീസിൽ പോകുന്നതിനിടെ പൊലീസ് പിടികൂടിയ പീഡനക്കേസിലെ പ്രതിയെ ജയിലിൽ നിന്നും ആധാരം പതിക്കാനെത്തിച്ചു

വെള്ളനാട്: തിരുവനന്തപുരം സെഷൻസ് കോടതിയുടെ ഉത്തരവിനെ തുടർന്ന് ജുഡിഷ്യൽ കസ്റ്റഡിയിൽ കഴിയുന്ന പ്രതിയെ ആധാരം പതിക്കുന്നതിനുള്ള നടപടികൾക്കായി വെള്ളനാട് സബ് രജിസ്ട്രാർ ഓഫീസിൽ എത്തിച്ചു. പുനലാൽ വിമൽ നിവാസിൽ വി. വിമൽകുമാറാണ് (49) പൊലീസ് സംരക്ഷണയിൽ വെള്ളനാട് സബ് രജിസ്ട്രാർക്കു മുന്നിൽ എത്തിയത്. ഇയാൾ വെള്ളനാട് വില്ലേജിലെ തന്റെ വസ്തു വിൽക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയ ശേഷം തിരികെ ജയിലിലേക്ക് മടങ്ങി. മുൻപ ആധാരം രജിസ്റ്റർ ചെയ്യാൻ സബ് രജിസ്ട്രാർ ഓഫീസിൽ പോകുന്നതിനിടെയാണ് വിമൽ കുമാറിനെ പൊലീസ് അറസ്റ്റുചെയ്തത്. ഇതോടെ രജിസ്ട്രേഷൻ മുടങ്ങി. 2013 സെപ്തംബറിൽ ഈഞ്ചയ്ക്കലിൽ വച്ച് പ്രായപൂർത്തിയാകാത്ത വിദ്യാർത്ഥിയെ പ്രകൃതിവിരുദ്ധ പീഡനത്തിനിരയാക്കിയെന്ന കേസിലാണ് ഇയാൾ കസ്റ്റഡിയിലായത്.

# ഫുട്ബോളിനോട് ഇന്ത്യക്കാർക്കുള്ള ആവേശം എന്നെ വിസ്മയിപ്പിക്കുന്നു: ലയണൽ മെസ്സി

'കളിക്കളത്തിൽ ഇറങ്ങുമ്പോൾ ഞാൻ എല്ലാം മറക്കും. ഒരുപാട് ആസ്വദിച്ചാണ് ഞാൻ ഫുട്ബോൾ കളിക്കുന്നത്, ഓരോ തവണയും ഏറ്റവും മികച്ച പ്രകടനം കാഴ്ചവയ്ക്കാനും ശ്രമിക്കും. ചിലപ്പോൾ അത് ശരിയാകും, ചിലപ്പോൾ പാളിപ്പോകും. എന്തായാലും ഏറ്റവും നന്നായി കളിക്കാനും അത് ആസ്വദിക്കാനും ഓരോ തവണയും ഞാൻ ശ്രദ്ധിക്കാറുണ്ട്. കാരണം, കുട്ടിക്കാലം മുതലേ കണ്ട സ്വപ്നം യാഥാർഥ്യമാക്കാനുള്ള ഭാഗ്യം എനിക്കുണ്ടായല്ലോ.' ബൈജൂസ് സഹസ്ഥാപകയായ ദിവ്യ ഗോകുൽനാഥുമായി നടത്തിയ സംഭാഷണത്തിൽ ലയണൽ മെസ്സി മനസ്സുതുറന്നു. ലോകകപ്പിന് ശേഷം ഏറ്റവും മികച്ച കളിക്കാരൻ എന്ന പദവി ഒന്നുകൂടി അടിവരയിട്ടുറപ്പിച്ച, ലോകമൊട്ടാകെ കോടിക്കണക്കിന് ആരാധകരുള്ള ഈ അർജന്റീന താരം തന്റെ ഫുട്ബോൾ ജീവിതത്തിലുണ്ടായ ഉയർച്ചകളെയും താഴ്ചകളെയും കുറിച്ച് ഈ അഭിമുഖത്തിൽ എടുത്തുപറയുന്നുണ്ട്. ഏറെ സമ്മർദ്ദം നിറഞ്ഞ കളികൾ, ആരാധകരുടെ പ്രതീക്ഷകൾ എന്നിവയെല്ലാം എങ്ങനെ കൈകാര്യം ചെയ്യുന്നുവെന്ന ചോദ്യത്തിന് വിശദമായി മറുപടി നൽകിയ മെസ്സി, കുട്ടിക്കാലം മുതൽ ഫുട്ബോൾ മാത്രമായിരുന്നു ഒരേയൊരു സ്വപ്നം എന്നും പറഞ്ഞു. ഇന്ത്യയിൽ കളിച്ചത് 'മനോഹരമായ ഒരോർമ' യാണ് മെസ്സിക്ക്. ഫുട്ബോളിനോട് ഇന്ത്യക്കാർക്കുള്ള അഗാധമായ സ്നേഹവും ആവേശവും തന്നെ ഏറെ വിസ്മയിപ്പിക്കുകയും വിനീതനാക്കുകയും ചെയ്തു എന്നും മെസ്സി ഈ സംഭാഷണത്തിൽ പ്രത്യേകം പറയുന്നുണ്ട്.ആഗോളതലത്തിലെ മുൻനിര എഡ്ടെക്ക് കമ്പനിയായ ബൈജൂസിന്റെ 'എജ്യുക്കേഷൻ ഫോർ ഓൾ' എന്ന സാമൂഹ്യ പ്രതിബദ്ധതാ പദ്ധതിയുടെ ബ്രാൻഡ് അംബാസഡറാണ് മെസ്സി. ഇന്ത്യയിൽ 55 ലക്ഷം കുട്ടികൾ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാണ്. ലോകത്തെവിടെയും കുട്ടികൾക്ക് വിദ്യാഭ്യാസം തുല്യമായ തരത്തിൽ ലഭ്യമാക്കുന്നതിൽ തനിക്ക് അതിയായ താല്പര്യമുണ്ടെന്നും മെസ്സി പറഞ്ഞു. ലോകത്തിലെ ഏറ്റവും മികച്ച ഈ ഫുട്ബോൾ താരത്തെ ഏറെ വ്യത്യസ്തനാക്കുന്നത് അദ്ദേഹത്തിന്റെ ലാളിത്യവും വിനയവുമാണ്. ദിവ്യയുമായുള്ള സംസാരത്തിലും അത് ഏറെ പ്രകടമാണ്. ഈ അഭിമുഖത്തിന്റെ മുഴുവൻ വിഡിയോ യൂട്യൂബിൽ ലഭ്യമാണ്.വിദ്യാഭ്യാസം കൂടുതൽ ജനകീയമാക്കാനും ഈ മേഖലയിൽ നിലനിൽക്കുന്ന സാമൂഹ്യ- സാമ്പത്തിക പ്രതിബന്ധങ്ങൾ ഇല്ലാതാക്കാനും വേണ്ടിയാണ് ബൈജൂസ് 2020-ൽ എജ്യുക്കേഷൻ ഫോർ ഓൾ ആരംഭിച്ചത്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ കുട്ടികൾക്ക് സൗജന്യമായി ബൈജൂസിന്റെ പാഠ്യ പദ്ധതികൾ എത്തിക്കുകയാണ് ഇതിലൂടെ ചെയ്യുന്നത്. ഇന്ത്യയിലെ നാനൂറോളം ജില്ലകളിൽ 175-ലേറെ എൻജിഓകളുമായി ചേർന്നാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 55 ലക്ഷം കുട്ടികളിൽ പകുതിയും പെൺകുട്ടികളാണ്, പലരും അതിർത്തി പ്രദേശങ്ങൾ, നക്സൽ പ്രവർത്തനങ്ങൾ പ്രശ്നം സൃഷ്ടിച്ച സ്ഥലങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ളവരുമാണ്. തൊണ്ണൂറു ശതമാനം കുട്ടികളും സ്ഥിരമായി ബൈജൂസിന്റെ പ്രോഗ്രാമുകൾ ഉപയോഗിക്കുന്നുണ്ട് എന്നാണ് കണക്ക്. 'എല്ലാ കുട്ടികളിലേയ്ക്കും വിദ്യാഭ്യാസം എത്തിക്കാനുള്ള ഞങ്ങളുടെ പ്രവർത്തനങ്ങളിൽ പങ്കാളിയായി മെസ്സി എത്തിയത് ഏറെ ആഹ്ളാദവും അഭിമാനവും പകരുന്നു,' ദിവ്യ ഗോകുൽനാഥ് പറഞ്ഞു. 'കുട്ടികളുടെ വിദ്യാഭ്യാസം എന്ന വിഷയത്തിൽ അദ്ദേഹത്തിനുള്ള കാഴ്ചപ്പാട് ബൈജൂസ് കാത്തുസൂക്ഷിക്കുന്ന മൂല്യങ്ങളോട് ചേർന്നുനിൽക്കുന്നതാണ്. ഈ പങ്കാളിത്തത്തിലൂടെ കൂടുതൽ കുട്ടികൾക്ക് അറിവ് പകരാൻ എജ്യുക്കേഷൻ ഫോർ ഓൾ എന്ന പദ്ധതിക്ക് കഴിയുമെന്ന് ഞങ്ങൾക്ക് ഉറപ്പുണ്ട്.'



അഭിമുഖത്തിന്റെ വീഡിയോ ലിങ്ക്:
**https://www.youtube.com/watch?v=4WeCslwiXqE**

**https://www.instagram.com/p/CnM1R4xtvAj/?igshid=OTRm-MjhlYjM=**
**https://www.instagram.com/reel/CnQx1UKP9ln/?utm_source=ig_web_copy_link**



# ചരിത്രത്തിലാദ്യമായി ഒക്കലഹോമയിൽ വനിതാ ഹൂമൺ സർവീസസ് ഡയറക്ടർ

**ഒക്കലഹോമ:** ഒക്കലഹോമ സംസ്ഥാന ചരിത്രത്തിൽ ആദ്യമായി ഹൂമൺ സർവീസസ് ഡയറക്ടറായി വനിതയെ ഗവർണർ കെവിൻ സ്റ്റിറ്റ് നിയമിച്ചു.ഡോ.ഡെബോറാ ഷോപ്ഷയറിനെയാണ് ഒക്കലഹോമ ഹൂമൺ സർവീസിന്റെ തലപ്പത്ത് ഗവർണ്ണർ നിയമിച്ചിരിക്കുന്നത്. ഒക്കലഹോമ ചൈൽഡ് വെൽഫെയർ സർവീസസ് ഡയറക്ടറായി പ്രവർത്തിച്ചു വരികയായിരുന്നു ഡോ. ഡെബോറ. ആരോഗ്യ വകുപ്പിൽ പല സുപ്രധാന ചുമതലകളും ഡബോറ വഹിച്ചിട്ടുണ്ട്.2014-ൽ നാഷ്ണൽ റെ ഹെൽഫർ അവാർഡ് ഉൾപ്പെടെ നിരവധി ദേശീയ അവാർഡുകൾ ഡെബോറെയെ തേടിയെത്തിയിട്ടുണ്ട്. ഒക്കലഹോമ ഹൂമൺ സർവീസിൽ ഡോ.ഡെബോറയുടെ സേവനം പ്രത്യേക ഊർജ്ജം നൽകുമെന്നും, മറ്റു വിവിധ രംഗങ്ങളിൽ തെളിയിക്കപ്പെട്ടിട്ടുള്ള ഇവരുടെ കഴിവുകൾ ഡി.എച്ച്.എസ്സിന്റെ പ്രവർത്തനങ്ങളെ മറ്റൊരു തലത്തിലേക്ക് കൊണ്ടുവരുമെന്നും ഗവർണ്ണർ കെവിൻ പറഞ്ഞു.ഒക്കലഹോമയിലെ അറിയിപ്പെട്ട പീഡിയാട്രീഷ്യനായ ഇവർ 2001 മുതൽ 2015 വരെ പോളിൻ ഇ മേയർ ചിൽഡ്രൻസ് ഷെൽട്ടർ മെഡിക്കൽ ഡയറക്ടായി പ്രവർത്തിച്ചിരുന്നു. ഒക്കലഹോമ യൂണിവേഴ്സിറ്റി കോളേജ് ഓഫ് മെഡിസിൻ പീഡിയാട്രിക് അസ്സോസിയേഷന് പ്രൊഫസർ കൂടിയാണ് ഡോ.ഡെബോറ

# പോസ്റ്റൽ ജീവനക്കാരെ തോക്കുചൂണ്ടി കവർച്ച ചെയ്ത സംഭവം 50,000 ഡോളർ ഇനാം പ്രഖ്യാപിച്ചു

**ചിക്കാഗൊ:** ചിക്കാഗോയിൽ ഈയ്യിടെ നടന്ന നാലു പോസ്റ്റൽ ജീവനക്കാരെ തോക്കു ചൂണ്ടി കവർച്ച ചെയ്ത സംഭവത്തിൽ പ്രതികളെ കണ്ടെത്താൻ സഹായിക്കുന്നവർക്ക് യു.എസ്. പോസ്റ്റൽ സർവീസ് 50,000 ഡോളർ വാഗ്ദാനം ചെയ്തു.ചിക്കാഗൊ സിറ്റിയുടെ സൗത്ത് സൗണ്ടിൽ മൂന്നു കവർച്ചയും, നോർത്ത് ബൈഡ് ലിറ്റൻ പാർക്കിൽ ഒരു കവർച്ചയുമാണ് നടത്തിയത്. നാലും നടന്നത് പട്ടാപകലാണെന്ന് പോസ്റ്റൽ അധികൃതർ വെളിപ്പെടുത്തി. ബുധനാഴ്ച ഏറ്റവും ഒടുവിൽ നടന്ന കവർച്ചയിൽ രണ്ടു പേരാണ് മെയ്ൽ ഡലിവറിമാനെ തോക്കു ചൂണ്ടി ഭീഷിണിപ്പെടുത്തി കവർച്ച ചെയ്തത്. സംഭവത്തിനു ശേഷം കിയാ സെഡാൻ കാറിൽ പ്രതികൾ കയറി രക്ഷപ്പെട്ടു.ഇത്തരം സംഭവങ്ങൾ വളരെ ദൗർഭാഗ്യകരമാണെന്നും, ഇതിന് ഉത്തരവാദികളായവരെ പിടികൂടി നിയമത്തിനു മുമ്പിൽ കൗണ്ടുവരുന്നതിന് ഏറ്റം വരെ പോകുമെന്നും, അതിന്റെ ആദ്യ നീക്കമെന്ന നിലയിലാണ് 50,000 ഡോളർ പ്രതിഫലം വാഗ്ദാനം ചെയ്തിരിക്കുന്നതെന്നും പോസ്റ്റൽ അധികൃതർ പറഞ്ഞു. ചിക്കാഗൊയിലെ പോസ്റ്റൽ ജീവനക്കാരുടെ യൂണിയൻ സംഭവത്തെ അപലപിച്ചു. പോസ്റ്റൽ ജീവനക്കാർ ഭയത്തിലാണെന്നും, ഇവർക്ക് ആവശ്യമായ സംരക്ഷണം




നൽകുന്നതിന് ബന്ധപ്പെട്ടവർ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്നും നേതാക്കൾ ആവശ്യപ്പെട്ടു.



# കാർഷിക സെമിനാർ സംഘടിപ്പിച്ചു

**വടകര:** വില്ല്യാപ്പള്ളി പഞ്ചായത്ത് സർവ്വീസ് സഹകരണ ബേങ്കിന്റെ നേതൃത്വത്തിൽ നടന്ന കാർഷിക സെമിനാറും കാർഷിക യന്ത്രങ്ങളുടെ ഉദ്ഘാടനവും മന്ത്രി അഹമ്മദ് ദേവർ കോവിൽ നിർവ്വഹിച്ചു. കാർഷിക മേഖലയിൽ കർഷകരെ സഹായിക്കുന്നതിന് സഹകരണ സ്ഥാപനങ്ങൾ മുന്നിട്ടിറങ്ങണമെന്നും കർഷകർ കൃഷി ചെയ്യുന്ന ഉൽപന്നങ്ങൾ സംഭരിക്കുവാനും വൈവിധ്യങ്ങളായ മൂല്യവർദ്ധിത ഉൽപന്നങ്ങൾ ഉൽപാദിപ്പിച്ച് കർഷകരെ സഹായിക്കുവാൻ സഹകരണ സ്ഥാപനങ്ങൾ മുന്നിട്ടിറങ്ങണമെന്നും അദ്ദേഹം പറഞ്ഞു. അഗ്രികൾച്ചറർ റിട്ട. ജോയിന്റ് ഡയറക്ടർ പി വിക്രമനും, റിട്ട. ഹെൽത്ത് ഇൻസ്പെക്ടർ കെ.കെ ബാബുവും ക്ലാസുകൾ അവതരിപ്പിച്ചു .കെ.പി കുഞ്ഞമ്മദ് കുട്ടി എം.എൽ.എ മൊബൈൽ ബാങ്കിങ് ഉദ്ഘാടനം ചെയ്തു. വില്ലാപ്പള്ളി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കെ.കെ ബിജുള മികച്ച കർഷകരെ ആദരിച്ചു. ജൈവ കർഷകർക്കുള്ള വിത്തും വളവും വിതരണോദ്ഘാടനം വടകര അസി. രജിസ്ട്രാർ പി. ഷിജു നിർവ്വഹിച്ചു.ബാങ്ക് പ്രസിഡന്റ് ശ്രീ കെ.എം ബാബു അദ്ധ്യക്ഷത വഹിച്ചു. ബാങ്ക് വൈസ് പ്രസിഡന്റ് ഒ.പി രാജൻ സ്വാഗതവും സെക്രട്ടറി ശ്രീമതി പി. ഷീല റിപ്പോർട്ടും അവതരിപ്പിച്ചു. ഭാരതീയാർ യൂനിവേഴ്സിറ്റിയിൽ നിന്ന് എം.എസ്.സി ബോട്ടണിയിൽ ഒന്നാം റാങ്ക് നേടിയ വിനയ വിനോദിനെ ആദരിച്ചു. കെ. കെ സിമി, കണ്ടിയിൽ റഫീഖ്, വി.മുരളീധരൻ, കൃഷി ഓഫീസർ ഡോണ കരുപ്പാളി, ഹരിദാസ് കോമുള്ളി, എൻ.ബി പ്രകാശ് കുമാർ , വട്ടക്കണ്ടി കുഞ്ഞമ്മദ്, വി.ബാലൻ, സി.എച്ച് ഇബ്രാഹിം, രാജൻ അരീക്കൽ, സന്തോഷ് വിയ്യോത്ത്, എൻ അബ്ദുൾ സമദ്, കെ എം അശോകൻ, കൃഷണൻ രാധാ നിലയം എന്നിവർ സംസാരിച്ചു.

# തിരുവനന്തപുരം നഗരത്തിൽ നടപ്പിലാക്കി വിജയിച്ച സിറ്റി സർക്കുലർ സർവ്വീസിന് അനുബന്ധമായി

**തിരുവനന്തപുരം:**സംസ്ഥാനത്തെ വാഹനപെരുപ്പം കുറയ്ക്കുക, കുറഞ്ഞ നിരക്കിൽ പൊതുജനങ്ങൾക്ക് യാത്ര സൗകര്യം ഒരുക്കുക, കൂടുതൽ ചെറുപ്പക്കാർക്ക് തൊഴിൽ നൽകുകയെന്ന കെഎസ്ആർടിസിയുടെ നൂതനമായ പദ്ധതിയായ ഫീഡർ സർവ്വീസിന് 16 തീയതി തലസ്ഥാനത്ത് തുടക്കമാകും. നഗരത്തിലെ റസിഡൻഷ്യൽ ഏര്യകളിൽ ഉള്ളവരെ പ്രധാന റോഡിൽ എത്തിക്കുന്നതിന് വേണ്ടിയും നഗരത്തിലെ വാഹനപ്പെരുപ്പം കാരണമുള്ള ഗതാഗതക്കുരുക്കുകൾ ഒഴിവാക്കുന്നതിനും വേണ്ടിയാണ് കെഎസ്ആർടിസി ഈ നൂതന പദ്ധതി നടപ്പാക്കുന്നത്.കേരളത്തിൽ നഗരങ്ങളിലും ചെറുപട്ടണങ്ങളിലുമുള്ള റസിഡൻഷ്യൽ ഏരിയകളിൽ നിന്നും പ്രധാന റോഡുകളിലേക്കും ബസ് സ്റ്റോപ്പുകളിലേക്കും എത്തുന്നതിന് നിലവിൽ ചെലവ് കുറഞ്ഞ പൊതു യാത്രാ സംവിധാനങ്ങൾ ലഭ്യമല്ലാത്ത സ്ഥിതി വിശേഷം ഉണ്ട്. ബസ് സർവ്വീസ് നടത്തുന്നതിന് ആവശ്യമായ വീതി പല റോഡുകൾക്കും ഇല്ലാത്തതിനാൽ തന്നെ വലിയ ബസ് ഉപയോഗിച്ചുള്ള സർവ്വീസ് ഈ റോഡുകളിൽ പ്രയോഗികവുമല്ല. ഇത്തരത്തിൽ കുറഞ്ഞ ചെലവിൽ ഫസ്റ്റ് മൈൽ, ലാസ്റ്റ് മൈൽ കണക്ടിവിറ്റി ഉറപ്പ് വരുത്താൻ കഴിയാത്തതിനാൽ സ്റ്റേജ് കാര്യേജ് സർവ്വീസ് നടത്തുന്ന ബസുകളിൽ യാത്രക്കാർ കുറയുകയും ഇരുചക്ര വാഹനമടക്കമുള്ള സ്വകാര്യ വാഹനങ്ങൾ ക്രമാതീതമായി പെരുകുകയും ചെയ്യുന്ന പ്രവണത കൂടിക്കൂടിവരുകയുമാണ്. കോവിഡ് കാലഘട്ടത്തിന് ശേഷം സ്വകാര്യ വാഹനങ്ങളുടെ എണ്ണത്തിൽ ഉണ്ടായ അമിതമായ പെരുപ്പം റോഡുകളിലെ ഗതാഗതക്കുരുക്കും അപകടങ്ങളും വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന് ഒരു പരിഹാരമായാണ് കുറഞ്ഞ ചെലവിൽ ഫസ്റ്റ് മൈൽ, ലാസ്റ്റ് മൈൽ കണക്ടിവിറ്റി ഉറപ്പാക്കുന്ന ഫീഡർ സർവ്വീമ്പുകൾ നടപ്പിലാക്കുന്നത്.സംസ്ഥാനത്തെ പൊതു ഗതാഗത രംഗത്തെ നവീകരിക്കേണ്ടത് അത്യാവശ്യമായി തീർന്നിരിക്കുന്നു. ചെലവു കുറഞ്ഞതും പരസ്പരം കോർത്തിണക്കിയതും വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ നിയന്ത്രിക്കുകയും, വിവരങ്ങൾ യാത്രക്കാർക്കു നൽകുകയും ചെയ്യുന്ന ഒരു സംവിധാനം സൃഷ്ടിച്ചെടുക്കുന്നത് കേരളത്തിന്റെ പൊതു ഗതാഗത രംഗത്തും സമ്പദ് വ്യവസ്ഥയിലും വലിയ ചലനങ്ങൾ ഉണ്ടാക്കുകയും ചെയ്യും. കേരളത്തെപ്പോലെ മിക്കവാറും ഭൂപ്രദേശങ്ങൾ വിവിധ തരത്തിലുള്ള റോഡിനാൽ ബന്ധിപ്പിക്കപ്പെട്ട ഒരു സംസ്ഥാനത്ത് നഗരങ്ങളിലെ ഇടറോഡുകളെയും ഗ്രാമങ്ങളിലെ റോഡുകളെയും പ്രധാന ജില്ലാ, സംസ്ഥാന, ദേശീയ പാതകളുമായി ബന്ധപ്പെടുത്തുന്ന പൊതുഗതാഗത സംവിധാനങ്ങൾ 6 മുതൽ 24 സീറ്റുകൾ വരെയുള്ള വാഹനങ്ങൾ ഉപയോഗിച്ച് ഏർപ്പെടുത്തുകയും, ഏകീകൃത ടിക്കറ്റിംഗ്, ക്യാഷ്ലെസ് ടിക്കറ്റിംഗ്, ഏകീകൃത ട്രാവൽ കാർഡ് എന്നിവ ഉപയോഗിച്ച് പരസ്പര പൂരകമായി പ്രാവർത്തികമാക്കുകയും ചെയ്താൽ യാത്രക്കാർക്ക് കുറഞ്ഞ ചെലവിൽ ലാസ്റ്റ് മൈൽ, ഫസ്റ്റ് മൈൽ കണക്ടിവിറ്റി ലഭ്യമാവുകയും കൂടുതൽ യാത്രക്കാർ പൊതു ഗതാഗത സംവിധാനങ്ങൾ ഉപയോഗിക്കുകയും സ്വകാര്യ വാഹനങ്ങളുടെ ഉപയോഗം കുറയുകയും ചെയ്യും. ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സഹായത്തോടെ ഇത്തരം സംവിധാനങ്ങളുടെ സമയവിവരങ്ങളും യാത്രാ സാധ്യതകളും യാത്രക്കാർക്ക് തത്സമയം നൽകുന്നതിലൂടെ സമയബന്ധിതവും സുരക്ഷിതവും, ചെലവ് കുറഞ്ഞതുമായ യാത്രാ സൗകര്യം ഉറപ്പ് നൽകുകയും, അത് സ്വകാര്യ വാഹനങ്ങൾ ഉപേക്ഷിച്ച് പൊതു ഗതാഗത മാർഗ്ഗങ്ങൾ ഉപയോഗിക്കാൻ യാത്രക്കാരെ പ്രേരിപ്പിക്കുകയും ചെയ്യും. ദൈനം ദിന ഓഫീസ്, വാണിജ്യ ആവശ്യങ്ങൾക്കായി യാത്ര ചെയ്യുന്ന ഇരുചക്ര വാഹന യാത്രക്കാരെ അടക്കം ഉദ്ദേശിച്ചാണ് ഫീഡർ സർവ്വീസ് ആരംഭിക്കുന്നത്. സിറ്റി സർക്കുലർ, ഫീഡർ സർവ്വീസുകളിൽ യാത്ര ചെയ്യുന്നതിന് ഇരുചക്ര വാഹന യാത്രയെക്കാളും കുറഞ്ഞ യാത്രാ ചെലവ് മാത്രമേ വരുന്നുള്ളൂ എന്നതാണ് പ്രധാന ആകർഷണം.ആദ്യ ഘട്ടത്തിൽ കെ.എസ്.ആർ.ടി.സിക്ക് കുത്തകാവകാശമുള്ള പ്രദേശങ്ങളിലാണ് ഇത്തരം ഫീഡർ സർവീസുകൾ പുതുതായി ആരംഭിക്കുന്നത്. ഈ ബസുകളിലെ യാത്ര പൂർണ്ണമായും ട്രാവൽ കാർഡ് ഉപയോഗിച്ച് മാത്രമായിരിക്കും. ഈ ട്രാവൽ കാർഡ് ഉപയോഗിച്ച് സിറ്റി സർക്കുലർ, സിറ്റി ഷട്ടിൽ, സിറ്റി റേഡിയൽ സർവ്വീസുകളിലും യാത്ര ചെയ്യാൻ സാധിക്കും. സർവ്വീസ് നടത്തുന്ന പ്രദേശത്തെ റസിഡൻസ് അസോസിയേഷനുകളുമായി സഹകരിച്ച് കാർഡിന്റെ വിതരണവും റീച്ചാർജ്ജിംഗും ലഭ്യമാക്കും. ഫീഡർ ബസുകളിലും കെ.എസ്.ആർ.ടി.സി ബസ് സ്റ്റേഷനുകളിലും കാർഡുകൾ റീച്ചാർജ്ജ് ചെയ്യാൻ സാധിക്കും. പ്രാരംഭമായി 100 രൂപയ്ക്ക് ചാർജ്ജ് ചെയ്താൽ 100 രൂപയുടെ യാത്രാ നടത്താൻ കഴിയും. 100 രൂപ മുതൽ 2000 രൂപ വരെ ഒരു ട്രാവൽ കാർഡിൽ റീച്ചാർജ്ജ് ചെയ്യാൻ സാധിക്കും. ട്രാവൽ കാർഡ് മറ്റുള്ളവർക്ക് കൈമാറ്റം ചെയ്ത് ഉപയോഗിക്കാനും സാധിക്കും. 250 രൂപയ്ക്ക് മുകളിലുള്ള റീച്ചാർജ്ജുകൾക്ക് 10 % അധിക മൂല്യം ലഭിക്കുന്നതാണ്. ഒരു ഡ്രൈവർ കം കണ്ടക്ടറാണ് ബസിൽ ഉണ്ടാകുക, ടിക്കറ്റ് നൽകുന്നതിനായി പ്രത്യേകം കണ്ടക്ടറെ നിയോഗിക്കുന്നതല്ല. പൂർണ്ണമായും ട്രാവൽ കാർഡ് ഉപയോഗിച്ചായിരിക്കും യാത്ര, ഉടൻ തന്നെ ഫോൺ പേ വഴിയുള്ള ഝഞ കോഡ് ടിക്കറ്റിംഗും നടപ്പിലാക്കും. ഏകദേശം 7.5 കി.മി ദൂരം വരുന്ന 3 ഫെയർ സ്റ്റേജുകൾക്ക് 10 രൂപ മിനിമം ടിക്കറ്റ് നിരക്ക് വരുന്ന തരത്തിലാണ് ടിക്കറ്റ് നിരക്ക് നിശ്ചയിച്ചിരിക്കുന്നത്. നിലവിൽ പരിഷ്ക്കരിച്ച ഒരു മിനി ബസ് ഉപയോഗിച്ചാണ് പരീക്ഷണാടിസ്ഥാനത്തിൽ ഈ സർവ്വീസ് നടത്തുന്നത്. ബസിനുള്ളിലും പുറത്തും സി സി ടി വി ക്യാമറ, ഡാഷ് ക്യാമറ എന്നീ സുരക്ഷാ സംവിധാനങ്ങൾ ഉണ്ടാകും. രണ്ടാം ഘട്ടത്തിൽ 6 മുതൽ 25 സീറ്റർ വരെയുള്ള വാഹനങ്ങൾ ലീസ് വ്യവസ്ഥയിൽ കരാറിൽ ഏർപ്പെട്ട് വരുമാനം പങ്ക് വയ്ക്കുന്ന തരത്തിലോ ലൈസൻസ് ഫീ അടിസ്ഥാനത്തിലോ തിരഞ്ഞെടുത്ത ഏരിയകളിൽ സർവ്വീസ് നടത്തുന്നതും പരിഗണനയിലുണ്ട്. ധാരാളം യുവജനങ്ങൾക്ക് കെ.എസ്.ആർ.ടി.സിയുമായി കരാറിലേർപ്പെട്ട് സ്വയം തൊഴിൽ കണ്ടെത്താൻ സാധിക്കുകയും ചെയ്യും.സംസ്ഥാനത്തെ ആദ്യ കെ.എസ്.ആർ.ടി.സി ഫീഡർ സർവ്വീസിന്റെ ഉദ്ഘാടനം ജനുവരി 16 തിങ്കളാഴ്ച്ച രാവിലെ 9 മണിക്ക് മണികണ്ഠേശ്വരത്ത് വച്ച് ഗതാഗത വകുപ്പ് മന്ത്രി അഡ്വ: ആന്റണി രാജു നിർവ്വഹിക്കും. വട്ടിയൂർക്കാവ് എം.എൽ എ അഡ്വ: വി.കെ പ്രശാന്ത് അദ്ധ്യക്ഷനാകുന്ന ചടങ്ങിൽ ട്രിഡ ചെയർമാൻ കെ.സി വിക്രമൻ ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുക്കും .മണ്ണന്തല - കുടപ്പനക്കുന്ന് - എ.കെ.ജി നഗർ - പേരൂർക്കട - ഇന്ദിരാ നഗർ - മണികണ്ഠേശ്വരം - നെട്ടയം - വട്ടിയൂർക്കാവ് - തിട്ടമംഗലം - കുണ്ടമൺകടവ് - വലിയവിള - തിരുമല റൂട്ടിലാണ് ആദ്യ ഫീഡർ സർവ്വീസ് സർവ്വീസ് നടത്തുന്നത്. രാവിലെയും വൈകുന്നേരവുമാണ് പ്രധാനമായും ട്രിപ്പുകൾ




ക്രമീകരിച്ചിരിക്കുന്നത്. എം.സി റോഡ്, തിരുവനന്തപുരം - നെടുമങ്ങാട് റോഡ്, കിഴക്കേകോട്ട - വട്ടിയൂർക്കാവ് റോഡ്, തിരുവനന്തപുരം - കാട്ടാക്കട റോഡ് എന്നിങ്ങനെ 4 പ്രധാന റോഡുകളെ റസിഡൻഷ്യൽ ഏരിയകളുമായി ബന്ധിപ്പിക്കുന്ന തരത്തിലാണ് ഈ ഫീഡർ സർവ്വീസ് ക്രമീകരിച്ചിരിക്കുന്നത്. ഈ റൂട്ടിലെ 10 ഓളം റസിഡൻസ് അസോസിയേഷനുകളുടെ പങ്കാളിത്തത്തോട് കൂടിയാണ് ഈ ഫീഡർ സർവ്വീസ് നടപ്പിലാക്കുന്നത്. വട്ടിയൂർക്കാവ് എം.എൽ.എ അഡ്വ. വി.കെ പ്രശാന്തിന്റെ നേതൃത്വത്തിൽ റസിഡൻസ് അസോസിയേഷനുകളുടെ യോഗങ്ങൾ ചേരുകയും, ഫീഡർ സർവ്വീസുകളുടെ വിജയത്തിനായി ഗൃഹസന്ദർശനങ്ങൾ അടക്കം പൂർത്തിയാക്കിയിട്ടുണ്ട്. റസിഡൻസ് അസോസിയേഷനുകൾ മുഖാന്തിരം 2000 ട്രാവൽ കാർഡുകൾ വിതരണം നടത്തിയിട്ടുണ്ട്. പരീക്ഷണാടിസ്ഥാനത്തിൽ നിലവിൽ മിനി ബസ് ഉപയോഗിച്ച് ആരംഭിക്കുന്ന ഈ സർവ്വീസിൽ നിന്നും ലഭിക്കുന്ന വരുമാനത്തിന്റെ അടിസ്ഥാനത്തിൽ 6 സീറ്റർ മുതൽ 24 സീറ്റർ വരെയുള്ള വാഹനങ്ങൾ സ്വകാര്യ വ്യക്തികളിൽ നിന്ന് കെ.എസ്.ആർ.ടി.സി. ലീസിനെടുത്ത് സർവ്വീസ് നടത്തുന്ന ഒരു സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിനുള്ള പദ്ധതിയും വിഭാവനം ചെയ്യുന്നുണ്ട്.ഇത്തരത്തിൽ നഗരത്തിലെ മറ്റ് പ്രദേശങ്ങളായ വിശ്വംഭരൻ നഗർ, പൗഡിക്കോണം തുടങ്ങിയ പ്രദേശങ്ങളിലും ഫീഡർ സർവ്വീസ് ആരംഭിക്കുന്നതിനുള്ള സാധ്യതാ പഠനം നടത്തിവരുന്നു. ആദ്യ സർവ്വീസ് ഉദ്ഘാടനത്തിന് ശേഷം ഇത്തരത്തിൽ ഫീഡർ സർവ്വിസുമായി സഹകരിക്കാൻ താൽപ്പര്യമുള്ള റസിഡൻസ് അസോസിയേഷനുകളുമായി സഹകരിച്ച് ഈ പദ്ധതി കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതാണ്. ഫീഡർ സർവ്വീസുമായി സഹകരിക്കാൻ ആഗ്രഹിക്കുന്ന റസിഡൻസ് അസോസിയേഷനുകൾക്ക് ഫീഡർ സർവ്വീസുകളുടെ നോഡൽ ആഫീസറായ തിരുവനന്തപുരം സിറ്റി ക്ലസ്റ്റർ ഓഫീസറുമായി ബന്ധപ്പെടാവുന്നതാണ് - ഈ-മെയിൽ ര്യേ@സലൃമഹമ.ഴീ.ശി (ര്യേ@സലൃമഹമധറീവേഴീധറീവേശി)




# കോലിക്കും ഗില്ലിനും സെഞ്ചുറി

ശ്രീലങ്കയ്ക്കെയ്ക്കെതിരായ മൂന്നാം ഏകദിനത്തിൽ ആദ്യം ബാറ്റ് ചെയ്യുന്ന ഇന്ത്യ മികച്ച സ്കോറിലേക്ക്. കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ നടക്കുന്ന മത്സരത്തിൽ 44 ഓവർ പിന്നിടുമ്പോൾ പൂർത്തകരിച്ചപ്പോൾ ഇന്ത്യ രണ്ടു വിക്കറ്റ് നഷ്ടത്തിൽ 313 റൺസ് നേടിയിട്ടുണ്ട്.പരമ്പരയിൽ രണ്ടാം സെഞ്ചുറി നേടിയ വിരാട് കോലി സച്ചിൻ തെണ്ടുൽക്കറുടെ റെക്കോർഡ് മറികടന്നു. നാട്ടിൽ ഏറ്റവും കൂടുതൽ ഏകദിന സെഞ്ചുറി നേടുന്ന താരമെന്ന സച്ചിന്റെ റെക്കോർഡാണ് കോലി മറികടന്നത്. ഇന്ത്യയിൽ കോലിയുടെ 21-ാം സെഞ്ചുറിയാണിത്. 85 പന്തിൽ നിന്ന് തന്റെ 46-ാം ഏകദിന സെഞ്ചുറി കരസ്ഥമാക്കിയ കോലി ശ്രേയസ് അയ്യർക്കൊപ്പം നിലവിൽ ക്രീസിൽ തുടരുന്നുണ്ട്.89 പന്തിൽ നിന്ന് തന്റെ രണ്ടാം സെഞ്ചുറി തികച്ച ഓപ്പണർ ഗില്ലിനെ 116 റൺസിൽ എത്തിനിൽക്കെ കസുൻ രജിത പുറത്താക്കുകയായുരുന്നു. 97 പന്തിൽ നിന്ന് 14 ഫോറുകളും രണ്ട് സിക്സറുകളും അടങ്ങിയതാണ് ഗില്ലിന്റെ ഇന്നിങ്സ്. 49 പന്തിൽ നിന്ന് 42 റൺസ് അടിച്ചെങ്കിലും ക്യാപ്റ്റൻ രോഹിത് ശർമയേയുമാണ് ഇന്ത്യക്ക് നഷ്ടമായി.

EDITORS CHOICE



# ഇന്ത്യൻ ആർമി ദിനത്തിന്റെ ചരിത്രവും പ്രാധാന്യവും

1949 ൽ അവസാനത്തെ ബ്രിട്ടീഷ് കമാൻഡർ-ഇൻ-ചീഫ് ആയിരുന്ന ജനറൽ സർ എഫ്ആർആർ ബുച്ചറിൽ നിന്നാണ് കരിയപ്പ ഇന്ത്യൻ ആർമിയുടെ കമാൻഡർ സ്ഥാനം ഏറ്റെടുത്തത് സ്വതന്ത്ര ഇന്ത്യയുടെ ആദ്യത്തെ കമാൻഡർ-ഇൻ-ചീഫ് ആയിരുന്നു അദ്ദേഹം കരിയപ്പയെയും പ്രതിരോധ സേനയെയും ആദരിക്കുന്നതിനായാണ് എല്ലാ വർഷവും കരസേനാ ദിനം ആഘോഷിക്കുന്നത് ഇന്ന് 75-ാം കരസേന ദിനം. എല്ലാ വർഷവും ജനുവരി 15ന് ഇന്ത്യൻ സൈന്യം കരസേന ദിനമായി ആഘോഷിക്കുന്നു. ഇന്ത്യൻ കരസേനയുടെ ആദ്യ ഇന്ത്യൻ കമാൻഡർ ഇൻ ചീഫ് - ജനറൽ (പിന്നീട് ഫീൽഡ് മാർഷൽ ആയ) കെ.എം കരിയപ്പയുടെ നേട്ടങ്ങളെ അനുസ്മരിക്കുന്നതിനായാണ് എല്ലാ വർഷവും ജനുവരി 15ന് ഇന്ത്യ സൈനിക ദിനം ആഘോഷിക്കുന്നത്. 1947 ലെ യുദ്ധത്തിൽ ഇന്ത്യൻ സേനയെ വിജയത്തിലേക്ക് നയിച്ച കരിയപ്പ, 1949 ൽ അവസാനത്തെ ബ്രിട്ടീഷ് കമാൻഡർ-ഇൻ-ചീഫ് ആയിരുന്ന ജനറൽ സർ എഫ്ആർആർ ബുച്ചറിൽ നിന്നാണ് ഇന്ത്യൻ ആർമിയുടെ കമാൻഡർ സ്ഥാനം ഏറ്റെടുത്തത്. സ്വതന്ത്ര ഇന്ത്യയുടെ ആദ്യത്തെ കമാൻഡർ-ഇൻ-ചീഫ് ആയിരുന്നു അദ്ദേഹം. കരിയപ്പയെയും പ്രതിരോധ സേനയെയും ആദരിക്കുന്നതിനായാണ് എല്ലാ വർഷവും കരസേനാ ദിനം ആഘോഷിക്കുന്നത്.1895 ഏപ്രിൽ ഒന്നിനാണ് ഇന്ത്യൻ സൈന്യം ഔപചാരികമായി സ്ഥാപിതമായത്. 1949-ൽ ജനറൽ ചീഫ് ഓഫ് ബ്രിട്ടീഷ് ആർമി ഫ്രാൻസിസ് ബുച്ചറാണ് അവസാന കമാൻഡർ ആയത്. പിന്നീട് 1949 ജനുവരി 15ന് ഫീൽഡ് മാർഷൽ കെ.എം കരിയപ്പ ഇന്ത്യൻ കരസേനയുടെ ആദ്യ കമാൻഡർ-ഇൻ-ചീഫായി നിയമിതനായി. ബ്രിട്ടീഷ് കമാൻഡർ-ഇൻ-ചീഫ് ഇന്ത്യൻ സൈന്യത്തിന്റെ നേതൃത്വം ഉപേക്ഷിച്ചതിന് ശേഷം ആദ്യമായി നിയമിതനായ ഇന്ത്യൻ ഓഫീസറായിരുന്നു കരിയപ്പ. സ്വാതന്ത്ര്യം ലഭിച്ചതിന് ശേഷം കെ.എം. കരിയപ്പ ഇന്ത്യയുടെ ആദ്യത്തെ കമാൻഡർ ഇൻ ചീഫ് ആയി. ഫീൽഡ് മാർഷൽ എന്ന പദവി ലഭിച്ച ആദ്യത്തെ ഫീൽഡ് മാർഷൽ കരിയപ്പയാണ്. രാഷ്ട്രത്തെ സംരക്ഷിക്കുന്നതിനായി ജീവൻ ബലിയർപ്പിച്ച സൈനികരെ ആദരിക്കുന്നതിനായി ഈ ദിനം ആചരിക്കുന്നു. ജനങ്ങളെയും രാജ്യത്തെയും സംരക്ഷിക്കുന്നതിൽ ഇന്ത്യൻ സൈന്യത്തിന്റെ ധീരതയെയും ത്യാഗത്തെയും ഈ ദിനത്തിൽ ഓർമ്മിക്കുന്നു. ബ്രിട്ടീഷ് ഭരണത്തിന് കീഴിൽ ഏപ്രിൽ ഒന്നിന് 1895 ന് ഇന്ത്യൻ സേന ഔദ്യോഗികമായി സ്ഥാപിതമായി. സേനയെ നയിച്ച ആദ്യത്തെ ഇന്ത്യക്കാരൻ ലെഫ്റ്റനന്റ് ജനറൽ കെ.എം കരിയപ്പ ആയിരുന്നു. നിരവധി പ്രത്യേക പരിപാടികൾ ഇന്ത്യൻ കരസേനാ ദിനത്തിൽ നടത്തുന്നു. കരസേനാ ദിന പരേഡാണ് ഈ ദിവസത്തെ പ്രധാന ആകർഷണം. ആദ്യമായാണ് ഇന്ത്യൻ ആർമി ഡേ പരേഡ് ന്യൂഡൽഹിക്ക് പുറത്ത് നടക്കുന്നത്. 2023 ജനുവരി 15ന് ബാം?ഗ്ലൂരിലാണ് പരേഡ് നടക്കുന്നത്. ശത്രുക്കളിൽ നിന്ന് രാജ്യത്തെ സംരക്ഷിക്കാനായി ജീവൻ ബലിയർപ്പിച്ച ധീര ജവാൻമാരെ ഈ ദിനത്തിൽ അനുസ്മരിക്കുന്നു.

RNI No: KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran (Responsible for selection of news under PRB Act 1867), Executive Editor: K. R. Krishna Kumar. Phone: 0484-4865460. E-mail: centraldesknews@gmail.com Online & Epaper: www.keralapranamam.com